
# വൃത്താന്തം

ജനുവരി 2022 യുഗാബ്ദം 5123 പുസ്തകം: 6 ലക്കം: 1





## സുഭാഷിതം

**തപസാ രൂപസൗഭാഗ്യം**
**രത്നാനി വിവിധാനി ച**
**പ്രാപ്യതേ കർമ്മണാ സർവം**
**ന ദൈവാദകൃതാത്മാനാ**

**(മഹാഭാരതം–**
**അനുശാസനപർവം 6–12)**

**അർത്ഥം:** തപസ്സുകൊണ്ട് രൂപം, സൗഭാഗ്യം, നാനാവിധ രത്നങ്ങൾ എന്നിവ ലഭിക്കുന്നു. അതുപോലെ പരിശ്രമം കൊണ്ട് സർവതും ലഭിക്കുന്നു. എന്നാൽ വിധിയിൽ വിശ്വസിച്ച് നിഷ്ക്രിയനായി ജീവിക്കുന്നവന് ഒന്നും തന്നെ ലഭിക്കുന്നില്ല.

## അമൃതവചനം

### സ്വാമി വിവേകാനന്ദൻ പറഞ്ഞു

മലപോലെയുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ നിങ്ങൾക്ക് കരുത്തുണ്ടോ? ലോകം മുഴുവൻ കയ്യിൽ വാളിമേന്തി നിങ്ങളെ എതിർത്താലും ശരിയെന്നു തോന്നുന്നത് ചെയ്യാൻ നിങ്ങൾ ധൈര്യപ്പെടുമോ? ഭാര്യയും കുട്ടികളും എതിർത്താലും പണം പോയാലും പേര് പോലിഞ്ഞാലും സമ്പത്ത് മറഞ്ഞാലും നിങ്ങൾ അതിൽത്തന്നെ ഉറച്ചുനിൽക്കുമോ/ നിങ്ങൾ അതിനെ പിന്തുടർന്ന്, പതറാതെ ലക്ഷ്യത്തിലേക്ക് പോകുമോ? എങ്കിൽ നിങ്ങൾ ഓരോരുത്തരും അത്ഭുതം സൃഷ്ടിക്കും.

## ബോധകഥ

### വിനയലാളിത്യങ്ങളുടെ ഉത്തമമാതൃക

**മൗ**റീഷ്യസിൽനിന്ന് മുംബൈ വഴി ദില്ലിയിലെത്തുന്ന വിമാനത്തിൽ മൗറീഷ്യസ് നിവാസികളായ മൂന്നു സ്വയംസേവകർ എത്തി. ഏതോ ഒരാളെ കാണാനവർ ഉഴറിയിരുന്നു. വിദേശത്തുള്ള സ്വയംസേവകരെ സമ്പർക്കം ചെയ്യുന്നതിന് പ്രമുഖനായി നിശ്ചയിച്ചിരുന്ന സംഘപ്രചാരകൻ ശ്രീ ചമൻലാൽജിക്കുള്ള കത്തുമായിട്ടാണവർ വന്നത്. വിമാനത്താവളത്തിൽനിന്ന് പുറത്തുകടന്നപ്പോൾ, അവരുടെ പേരെഴുതിയ ബോർഡുമായി നിൽക്കുന്ന മെലിഞ്ഞ് ദുർബലനായ ഒരാളെ അവർ കണ്ടു. പുഞ്ചിരിയോടെ അവരെ സ്വീകരിച്ച് ആ അതിഥികളുടെ പേര് ചോദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:–"നിങ്ങൾ മൗറീഷ്യസിൽ നിന്നല്ലേ? നിങ്ങളെ കാര്യാലയത്തിലേയ്ക്ക് കൊണ്ടുപോകാനാണ് ഞാൻ വന്നിരിക്കുന്നത്." പിന്നീടവരെ കാറിനടുത്തേയ്ക്ക് കൊണ്ടുപോയി. അവരുടെ പെട്ടിയും സാധനങ്ങളും സ്വയം എടുത്ത് വണ്ടിയിൽ വെച്ച് ആ വ്യക്തി കാര്യാലയത്തിലേയ്ക്ക് ഓടിച്ചുപോയി. അവർ പരസ്പരം ചർച്ച തുടങ്ങി:–"നമ്മളെ കൂട്ടാൻ ചമൻലാൽജിതന്നെ എയർപോർട്ടിൽ വരുമെന്ന് പറഞ്ഞിരുന്നല്ലോ? അദ്ദേഹമെന്താണ് വരാതിരുന്നത്?" വണ്ടി ഓടിച്ചിരുന്ന വ്യക്തി മറുപടിയൊന്നും പറയാതെ "യാത്രയെങ്ങനെയിരുന്നു? ദില്ലിയിൽ തണുപ്പ് കൂടുതലാണ്." എന്നെല്ലാം പറഞ്ഞു. ഝണ്ഡേ വാലാ കാര്യാലയത്തിലെ വണ്ടിയിൽനിന്ന് സാധനങ്ങളെടുത്ത് അദ്ദേഹംതന്നെ മുകളിലെ നിലയിൽ കൊണ്ടുവെച്ചു.

പിന്നീട് ഏർപ്പാടുകൾ വിവരിച്ചുകൊടുത്തു. ചായ തയാറാക്കികൊണ്ടുവന്നു, അവർക്ക് ഒഴിച്ചുകൊടുത്തു. വന്നവർ വീണ്ടും ചോദ്യം തുടങ്ങി:– "ചമൻലാൽജിയെവിടെ? അദ്ദേഹത്തെ കാണണം." ശാന്തഭാവത്തിൽ ആ വ്യക്തി പറഞ്ഞു:–"ഇവിടെത്തന്നെയുണ്ടല്ലോ? ഞാനാണ് ചമൻലാൽ." അവർക്ക് വിശ്വാസം വന്നില്ല. കുറച്ചുറക്കെ അവർ പറഞ്ഞു:– "തമാശ കളിക്കുന്നോ? ചമൻലാൽജിയുടെ മുറി കാണിക്കൂ." അപ്പോൾ ഒരു മുതിർന്ന രാഷ്ട്രീയനേതാവ് അങ്ങോട്ടുവന്ന് ആ വ്യക്തിയുടെ കാലുതൊട്ടു വന്ദിച്ചു. ഇതുകണ്ട് മിണ്ടാനാവാതെ നിന്ന മൗറീഷ്യസ്സുകാർ അതിശയത്തോടെ "എന്ത്! ഇതാണോ ചമൻലാൽജി! എത്ര വലിയ തെറ്റാണ് ഞങ്ങൾ ചെയ്തത്? ഏതോ വേലക്കാരനാണെന്നു വിചാരിച്ച് ഞങ്ങളുടെ പെട്ടി പോലും ഇദ്ദേഹത്തെക്കൊണ്ട് എടുപ്പിച്ചു. ഇതു പറഞ്ഞുകൊണ്ട് തങ്ങളുടെ തെറ്റിന് മാപ്പുചോദിച്ചുകൊണ്ട് അവർ വീണ്ടും വീണ്ടും പശ്ചാത്തപിച്ചു. ലോകമെങ്ങുമുള്ള സ്വയംസേവകരെ സമ്പർക്കം ചെയ്തിരുന്ന നമ്മുടെ മാനനീയ ചമൻലാൽജി ഇങ്ങനെയായിരുന്നു!

മുഖപ്രസംഗം

# അമൃതോത്സവത്തിന്റെ ദൗത്യം

**അ**മൃതോത്സവത്തിന്റെ ആവേശത്തിലാണ് ഓരോ ഭാരതീയരും. പൂർവഗാമികൾ ജീവനേകി നേടിത്തന്ന സ്വാതന്ത്ര്യം അതിന്റെ യഥാർത്ഥ സാക്ഷാത്കാരത്തിലേക്ക് നീങ്ങുന്ന ധന്യമായ കാലത്താണ് ഇനിയും പാടാത്ത ആ വീരഗാഥകൾ നമ്മിലേക്ക് കടന്നുവരുന്നത്. സ്വത്വത്തിലേക്കുള്ള ഒരു രാജ്യത്തിന്റെ യാത്രയാണിത്. വിജയദശമിയിൽ പൂജനീയ സർസംഘചാലക് അത് ചൂണ്ടിക്കാട്ടി. യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് നടക്കുവാനുള്ള ആഹ്വാനമായിരുന്നു അത്.

രാജ്യത്തെമ്പാടും എന്നതുപോലെ കേരളവും തനിമയാർന്ന അതിന്റെ വീര്യത്തെ തോറ്റിയുണർത്തേണ്ടതുണ്ട്. ഭവ്യമായ ആ ഭൂതകാലത്തിൽ സർവസാധാരണക്കാരുടെ പോരാട്ടമുണ്ട്, രാജാക്കന്മാരുടെ പടയൊരുക്കമുണ്ട്, വാളേന്തിയ വനിതകളുടെ വീരകഥകളുണ്ട്. കാട്ടിൽ കഴിഞ്ഞവരും കാലിയെ മേച്ചവരും കർഷകരുമൊക്കെ പോരാളികളായി ഉണ്ട്. ഉലക്ക കൊണ്ട് ഹൈദരാലിയുടെ ഭടന്മാരെ തല്ലിക്കൊന്ന ഒനക്ക ഒബ്ബവ്വ എന്ന വീട്ടമ്മ കർണാടകത്തിലെ നാടോടിക്കഥയല്ല, ഇന്ത്യൻ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടചരിത്രത്തിലെ സുവർണ ഏടാവുന്നത് ഈ അമൃതോത്സവത്തിന്റെ പ്രത്യേകതയാണ്.


സ്വാതന്ത്ര്യം സഹനസമരത്തിന്റെ മാത്രം സംഭാവനയല്ല, സ്വധർമ്മരക്ഷയ്ക്കായി ജീവാഹുതി നടത്തിയ അനേകം കൗമാരങ്ങളുടെ കൂടി പോരാട്ടത്തിന്റെ ഫലമാണെന്ന ഓർമ്മപ്പെടുത്തലും അമൃതോത്സവത്തിന്റെ ദൗത്യമാണ്. തലക്കുളത്ത് വലിയവീട്ടിൽ നിന്ന് തിരുവിതാംകൂറിന്റെ ദിവാനായി ഉയർന്ന വേലുത്തമ്പിയുടെ കുണ്ടറ വിളംബരത്തിന്റെ ത്രസിപ്പിക്കുന്ന ചരിത്രം അതിന്റെ ഭാഗമാണ്. ധർമ്മരക്ഷയ്ക്കായി അടരാടാനുള്ള ധീരമായ വിളംബരമായിരുന്നു അത്. വീരപഴശ്ശിയും രാജാ കേശവദാസനും വൈക്കം പത്മനാഭപിള്ളയും ചെമ്പിലരയനും എടച്ചന കുങ്കനും തലക്കര ചന്തുവും അടക്കമുള്ള പോരാളികളുടെ ഇനിയും പാടാത്ത കഥകൾ ഉറക്കെ വിളിച്ചു പറയാനുള്ള അവസരമാണിത്.

ഓരോ ഗ്രാമങ്ങളും നിർഭയമായ മനസ്സും ഉറച്ച ചുവടുമായി അഭിമാനത്തിലേക്ക് തല ഉയർത്താൻ തങ്ങളുടെ മണ്ണിന്റെ തനിമയെ അറിയാനും അതിനെ ഉയർത്താനുമുള്ള പരിശ്രമം നടത്തണം. അനീതിക്കും വിവേചനത്തിനുമെതിരായ സമരമുഖങ്ങളൊക്കെയും സ്വാഭിമാനത്തിലേക്കുള്ള പ്രയാണമായിരുന്നു എന്ന് അറിയണം. മെക്കാളെ ഉണ്ടുറുങ്ങി സുഖിച്ചുവാണ ബോൾഗാട്ടിയിലേക്ക് ഓടിവള്ളത്തിലേറി യുദ്ധത്തിന് തിരിച്ച ചെമ്പിലരയന്റെ ഓർമ്മകൾ മറഞ്ഞുപോകാമോ? കുളച്ചലിൽ ഡച്ച് പടയെ മുച്ചൂടും തകർത്തെറിഞ്ഞ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ യുദ്ധവിജയം തമസ്കരണത്തിന്റെ ചാരം മൂടി കിടക്കേണ്ടതാണോ? പോർക്കലീഭഗവതിയുടെ നിത്യോപാസകനായ വീര പഴശ്ശി കേണൽ വെല്ലസ്ലിക്കെതിരെ നടത്തിയ യുദ്ധം ചരിത്രപാഠപുസ്തകങ്ങളിൽ നിന്ന് ഇല്ലാതാക്കപ്പെടാമോ?

വടക്കൻപാട്ടുകൾ വെറും പാട്ടല്ലെന്നും കടത്തനാടൻ കളരികളും ലോകനാർകാവുമൊന്നും ചിത്രകഥകളല്ലെന്നും ഇരവിക്കുട്ടിപ്പിള്ള വലിയ പടത്തലവന്റെ പോരാട്ടകഥകൾ വായിച്ചു കളയേണ്ട ഏടുകളല്ലെന്നും കേരളം അറിയണം. നാടിന്റെ സംസ്കാരവും പൈതൃകവും തനിമയും രാജ്യത്തിന് മുമ്പാകെ ഏറ്റവും പ്രഭാവത്തോടെ ഉയിർത്തെണീക്കണം. അതിനായി സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവ ചിന്തകളില്ലേക്ക് ഓരോ മനസ്സും ഉണരട്ടെ.

## ഇത് നമ്മുടെ മണ്ണാണ്

# രണ്ട് നൂറ്റാണ്ട് മുമ്പ് വയനാട്ടിൽ നിന്നുയർന്ന സ്വാതന്ത്ര്യ കാഹളം



1805 ഡിസംബർ 16ന് വയനാട്ടിലെ മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട പഞ്ചായത്തിലെ പുളിഞ്ഞാൽ കോട്ടമൈതാനിയിൽ വച്ച് ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിൽ സ്വയം വീരമൃത്യു വരിച്ച ധീര ദേശാഭിമാനിയാണ് എടച്ചന കുങ്കൻ. മലബാറിലെ എല്ലാ അസ്വസ്ഥതകളുടെയും ഉറവിടം, ആർക്കും ഒരിക്കലും കീഴടങ്ങാത്ത യോദ്ധാവ്, പഴശ്ശിസമരങ്ങളുടെ പവർഹൗസ് എന്നൊക്കെയാണ് ബ്രിട്ടീഷ് രേഖകൾ എടച്ചന കുങ്കനെ വിശേഷിപ്പിക്കുന്നത്. 1790 മുതൽ 1805 വരെയുള്ള ഒന്നര പതിറ്റാണ്ടുകാലം അതിശക്തമായ പോരാട്ടങ്ങളാണ് എടച്ചന കുങ്കന്റെ നേതൃത്വത്തിൽ നടന്നത്.

അക്കാലത്ത് എടച്ചന കുങ്കൻ നടത്തിയ വിളംബരങ്ങൾ കാര്യമാത്ര പ്രസക്തമാണ്.പുൽപ്പള്ളി മുരിക്കന്മാർ ക്ഷേത്രം, വള്ളിയൂർക്കാവ് ക്ഷേത്രം എന്നിവിടങ്ങളിൽ എടച്ചന കുങ്കൻ നേരിട്ടുതന്നെ വിളംബരം നടത്തുകയായിരുന്നു. മറ്റു സ്ഥലങ്ങളിൽ കുങ്കന്റെ നിർദേശാനുസാരം ഇതര പ്രക്ഷോഭനായകന്മാരും വിളംബരത്തിന് നേതൃത്വം നൽകി. അതിനിവേശ ശക്തിക്കെതിരെ ആയുധമേന്തുക എന്നതായിരുന്നു വിളംബരങ്ങളുടെ രത്നച്ചുരുക്കം.

'വെള്ളത്തൊലിക്കാരെ ആട്ടിപ്പായിക്കാനുള്ള യുദ്ധത്തിൽ പങ്കാളികളാവുക. ഇതുവരെയും നാം വിജയിച്ചിരിക്കുകയാണ്. ഇനിയും ജയിക്കണം. ഇത് നമ്മുടെ മണ്ണാണ്. നമ്മുടെ നാടാണ്. ഒരു ശക്തിക്കും ഈ നാടിനെ നമ്മൾ വിട്ടുകൊടുക്കില്ല. ഇത് മല ദൈവങ്ങളുടെയും കുല ദൈവങ്ങളുടെയും മണ്ണാണ്. ദൈവങ്ങൾ നമ്മുടെ കൂടെത്തന്നെയുണ്ട്. അവർക്കുവേണ്ടി പോരാട്ടം നടത്തുക.കയ്യിൽ കിട്ടിയ ആയുധങ്ങളുമായി എല്ലാവരും പോരാട്ടത്തിന് ഇറങ്ങുക'.

ഇത്തരം വിളംബരങ്ങൾക്ക് നാട്ടിൽ വലിയ സ്വാധീനമാണ് ഉണ്ടായത്. പുൽപ്പള്ളിയിൽ മാത്രം 5000 പേർ പങ്കെടുത്തു. അതിൽ മൂവായിരത്തിലധികം പേർ യുദ്ധസന്നദ്ധരായി സംഘടിച്ച് ബ്രിട്ടീഷ് മിലിട്ടറി പോസ്റ്റുകൾക്കു നേരെ ആക്രമണം നടത്തി. നായന്മാർ, കുറിച്യർ, കുറുമർ,ചെട്ടിമാർ തുടങ്ങി വിവിധ ജനജാതിവിഭാഗങ്ങൾ വിളംബരങ്ങളിൽ പങ്കാളികളാവുകയും അധിനിവേശ ശക്തികൾക്കെതിരെ പോരാട്ടത്തിന് ഇറങ്ങുകയും ചെയ്തു. ഈ വിളംബരങ്ങളിൽ നിന്ന് ലഭിച്ച ഊർജ്ജം വൈദേശിക ശക്തിക്കെതിരെയുള്ള പോരാട്ടത്തിന് വലിയ കരുത്താണ് പകർന്നത്.

**വി.കെ.സന്തോഷ് കുമാർ**
**9495892116**

# സുബ്രഹ്മണ്യഭാരതിക്ക് അർച്ചനയായി 'കവിഭാരതി'



**ചെന്നൈ:** ദേശഭക്ത മഹാകവി സുബ്രഹ്മണ്യ ഭാരതിയാരുടെ ജന്മദിനത്തിൽ ഭാവാത്മക അർച്ചനയുമായി ആർഎസ്എസ് പ്രവർത്തകർ. കവിഭാരതി എന്ന പേരിൽ പുതിയ ഘോഷ് രചനയ്ക്ക് രൂപം നൽകിയാണ് മഹാകവിക്ക് സ്മരണാഞ്ജലി ഒരുക്കിയത്. തിരുവല്ലിക്കേണിയിലെ ഭാരതിയാർ ഇല്ലത്തിന് മുന്നിൽ മഹാകവിയുടെ 'ഒലി പടൈത്ത കന്നിനൈ വാ വാ വാ' എന്ന ഗീതം ഓടക്കുഴലിൽ ഘോഷുപകരണങ്ങളുടെ പിന്നണിയോടെ പ്രവർത്തകർ ആലപിച്ചു.

ഓടക്കുഴൽ, സാക്സോഫോണുകൾ, ക്ലാർനറ്റ്, ശംഖ് എന്നിവ ഉപയോഗിച്ചായിരുന്നു ആലാപനം. പരിശീലനം നേടിയ ആയിരത്തോളം പ്രവർത്തകരാണ് പരിപാടിയിൽ പങ്കെടുത്തത്.

രാഷ്ട്രത്തെപ്പറ്റി അപാരമായ അഭിമാനവും വിശ്വാസവും പുലർത്തിയ മഹാനാണ് സുബ്രഹ്മണ്യഭാരതി എന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച പ്രശസ്ത സംഗീതജ്ഞൻ അനിൽ ശ്രീനിവാസൻ പറഞ്ഞു. ഒരുമിച്ച് വരികയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതാണ് മാറ്റത്തിന്റെ അടിസ്ഥാനമെന്ന് കവിതകളിലൂടെ ഭാരതിയാർ പറഞ്ഞുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യത്തിൽ നിന്ന് സ്വാശ്രയത്വത്തിലേക്കുള്ള പരിവർത്തനമായിരുന്നു ഭാരതി മുന്നോട്ടു വെച്ച സന്ദേശമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ആർഎസ്എസ് സഹസർകാര്യവാഹ് രാംദത്ത് ചക്രധർ പറഞ്ഞു. തൊട്ടുകൂടായ്മയ്ക്കെതിരെയും ജാതി വിവേചനത്തിനുമെതിരെ മഹാകവി പ്രചാരണം നടത്തി. അക്കാലത്ത് താഴ്ന്ന ജാതിയിൽ പെട്ട ഒരാൾക്കായി അദ്ദേഹം സ്വന്തംവീട്ടിൽ ഗായത്രി മന്ത്രം ഉപദേശിച്ചു. ദരിദ്രരോട് സ്നേഹവും സേവാഭാവവും സമാജത്തിൽ അനിവാര്യമാണ്. സ്വദേശി തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വാശ്രയത്വത്തിനുവേണ്ടി അദ്ദേഹം നിരന്തരം വാദിച്ചുവെന്ന് രാംദത്ത് പറഞ്ഞു.



# പാക്സൈനികർക്ക് മധുരം പങ്കുവെച്ച് ഇന്ത്യൻ സൈന്യം

**ന്യൂഡൽഹി:** പുതുവത്സരാഘോഷത്തിന്റെ ഭാഗമായി അതിർത്തിയിൽ പാക് സൈനികർക്ക് മധുരം പങ്കുവെച്ച് ഇന്ത്യൻ സൈന്യം. ചിലേഹാന തിത്വാൾ ക്രോസിംഗ് പോയിന്റിലാണ് ഇന്ത്യ-പാക് സൈനികർ തമ്മിൽ മധുരം പങ്കുവെച്ചത്. വർഷങ്ങളായി തുടർന്നു വരുന്ന ചടങ്ങാണിത്. പാകിസ്താനുമായി ബന്ധം പുലർത്തുന്നതിന്റെ ഭാഗമായി എല്ലാ വർഷവും പുതുവത്സരത്തിൽ സൈനികർ മധുരം പങ്കുവെക്കാറുണ്ട്. ഇരു രാജ്യങ്ങളിലും സമാധാനം നിലനിർത്തണമെന്നതിന്റെ അടയാളം കൂടിയാണ് ഈമധുരം പങ്കുവെക്കൽ. കഴിഞ്ഞ ഫെബ്രുരിയിൽ വെടിനിർത്തൽകരാർ ധാരണയായതിന് പിന്നാലെ പാക് സൈന്യത്തിന്റെ അക്രമവും കടന്നുകയറ്റവും കുറഞ്ഞിട്ടുണ്ട്. ഇന്ത്യൻ സൈന്യം മുൻകൈ എടുത്ത് നടത്തിയ ഈകരാറിനെ ഗ്രാമവാസികൾ ഉൾപ്പെടെ അഭിനന്ദിച്ചിരുന്നു. ജമ്മു കശ്മീരിൽ ക്രമസമാധാനം നിലനിർത്തണമെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ പാകിസ്താനുമായുള്ള കരാർ ധാരണയാക്കിയത്.

# സ്വാതന്ത്ര്യം ജീവശ്വാസം ആക്കിയ നേതാജി സുഭാഷ് ചന്ദ്ര ബോസ് (1897 ജനുവരി 23)



**ഭാ**രതം സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം അമൃത മഹോത്സവമായി ആഘോഷിക്കുന്ന കാലഘട്ടത്തിൽ തന്നെയാണ് നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ 125 ജന്മ വാർഷികവും സമാഗതമാകുന്നത്. 1897 ജനുവരി 23 ഒഡീഷയിലെ കട്ടക്കിലാണ് സുഭാഷ് ചന്ദ്രബോസ് ജനിച്ചത് .അന്നത്തെ വിദ്യാസമ്പന്നർ ഏറ്റവും അധികം ആഗ്രഹിക്കുന്ന ഐ സി എസ് പരീക്ഷ നാലാം സ്ഥാനത്തോടെ സുഭാഷ് സ്വന്തമാക്കി. എന്നാൽ 23 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന സുഭാഷ് സ്വപ്നതുല്യമായ ഐസിഎസ് രാജിവെച്ച് സ്വന്തം ജീവിതത്തെ രാഷ്ട്രത്തിനുവേണ്ടി സമർപ്പിക്കുവാൻ തീരുമാനിച്ചു. ഒരു ഇന്ത്യക്കാരൻ ഇത്തരത്തിലുള്ള ധീരത കാണിക്കുന്നത് ഇത് ആദ്യ സംഭവം ആയിരുന്നതിനാൽ ബ്രിട്ടീഷുകാരെ പോലും അമ്പരപ്പിച്ചു. ജന്മനാടിന്റെ മോചനം എന്ന ജീവിത ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ആയി സുഭാഷ് 1921 ജൂലൈ 12 ന് ഭാരതത്തിൽ എത്തി. പിന്നീട് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി 1921 മുതൽ 1945 വരെ വരെ ബ്രിട്ടീഷുകാർ സുഭാഷിനെ 11 തവണയാണ് തടവിൽ അടച്ചത്.

നേതാജിയുടെ എഴുത്തുകളും പ്രസംഗങ്ങളും ജനങ്ങളെ ആവേശം കൊള്ളിച്ചിരുന്നു. യൂറോപ്പിൽ വച്ച് അദ്ദേഹം ഇന്ത്യയുടെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് എഴുതിയ ലേഖനം (1935) ദി ഇന്ത്യൻ സ്ട്രഗിൾ – യൂറോപ്യന്മാരുടെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റി. പല പ്രമുഖ പത്രങ്ങളിലും അതിനെ കുറിച്ചുള്ള വിലയിരുത്തലുകൾ പ്രസിദ്ധീകരിച്ചു. ഈ ലഘുലേഖ ഇന്ത്യയിൽ വിതരണം ചെയ്യുന്നത് നിരോധിച്ചു എന്നതുകൂടി കണക്കിലെടുക്കുമ്പോൾ അദ്ദേഹത്തിൻറെ ആശയങ്ങൾ എത്ര ശക്തവും ഗൗരവവും ആയിരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ്. നേതാജിയും ഗാന്ധിജിയും തമ്മിൽ രാഷ്ട്രീയഭിന്നതകൾ നിലനിൽക്കുമ്പോഴും നേതാജി ഗാന്ധിജിയെ വളരെ ആദരവോടുകൂടി മാത്രമേ നോക്കി കണ്ടിരുന്നുള്ളൂ. കോൺഗ്രസിൻറെ ത്രിപുരി സമ്മേളനത്തിൽ (1939 ജനുവരി ) ഗാന്ധിജിയും നെഹ്റുവും എതിർത്തിട്ടും ഡോക്ടർ സിദ്ധരാമയ്യയെ പരാജയപ്പെടുത്തി സുഭാഷ് ചന്ദ്രബോസ് രണ്ടാമതും കോൺഗ്രസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഗാന്ധിജി സ്വന്തം പരാജയമായി പോലും ഈ ഇലക്ഷനെ ചിത്രീകരിച്ചു. ഭിന്നത കാരണം നേതാജി പ്രസിഡണ്ട് സ്ഥാനം രാജി വെച്ച പിന്മാറുകയായിരുന്നു. ഇപ്രകാരം നേതാജി പിന്മാറി ഇല്ലായിരുന്നുവെങ്കിൽ കോൺഗ്രസിനുള്ളിൽ ശക്തമായ ഭിന്നത ഉടലെടുത്തത് അതിൻറെ ലക്ഷ്യത്തെ തന്നെ തകർക്കുമായിരുന്നു. രാജ്യത്തിനുള്ളിൽ നിന്ന് പ്രവർത്തിക്കുക ദുഷ്കരം എന്ന് കണ്ടു അദ്ദേഹം ഇന്ത്യക്ക് വെളിയിൽ ഇന്ത്യക്കാരെ സംഘടിപ്പിക്കുവാന്നുള്ള ശ്രമങ്ങളുമായി മുന്നോട്ടു പോയി. സമരപ്രവർത്തനങ്ങൾക്കായുള്ള രഹസ്യ റേഡിയോ (ആസാദ് ഹിന്ദ് റേഡിയോ) 1941 ൽ തുടങ്ങിയ നേതാജി ഇതിലൂടെ ലോകമെമ്പാടുമുള്ള ഇന്ത്യക്കാരെ രാഷ്ട്രമോ ചനത്തെക്കുറിച്ച് ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു. സിംഗപ്പൂരിൽ വെച്ച് ഐഎൻഎയുടെ നേതൃത്വം റാഷ് ബിഹാരി ബോസിൽ നിന്നും അദ്ദേഹം ഏറ്റെടുത്തു. പിന്നീട് ഭാരതത്തിലെ 38 കോടി ജനങ്ങളുടെ താല്പര്യമനുസരിച്ച് ഒരു താൽക്കാലിക ഗവൺമെൻറ് രൂപീകരിച്ചു .1943 ഒക്ടോബർ 21 ന് രൂപീകരിച്ച ആസാദ് ഹിന്ദു ഗവൺമെൻറിൻറെ പ്രധാനമന്ത്രിയായിരുന്നു സുഭാഷ് ചന്ദ്ര ബോസ്. ജപ്പാനും ജർമനിയും ഉൾപ്പെടെയുള്ള 9 ലോക രാജ്യങ്ങൾ ഈ ഗവൺമെന്റിനെ അംഗീകരിച്ചു.

നേതാജിയുടെ ജീവിതം ഒന്നാകെ വിശകലനം ചെയ്യുമ്പോൾ അദ്ദേഹത്തിൽ കണ്ടെത്തുക നിലയ്ക്കാത്ത പ്രചോദനം അരുളുന്ന വീരതയുടെയും

ത്യാഗത്തിന്റെയും ഒരു ഉജ്ജ്വല മാതൃകയാണ്. ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്ന ആയിരക്കണക്കിന് ഭടന്മാരുടെ ആദർശ കേന്ദ്രം സുഭാഷ് ചന്ദ്ര ബോസ് ആയിരുന്നു. 1943 സിംഗപ്പൂരിൽ വച്ച് നേതാജിയുടെ പ്രസംഗം കേൾക്കാനിടയായ മലയാളിയായ ഡോക്ടർ ലക്ഷ്മി സൈഗാൾ അപ്പോൾ തന്നെ വൈദ്യ രംഗം ഉപേക്ഷിച്ച് ഐഎൻഎ ചേർന്നു. അവരാണ് ഐഎൻഎയുടെ വനിതാ വിഭാഗത്തിലെ ചീഫ് ആയിത്തീർന്ന ക്യാപ്റ്റൻ ലക്ഷ്മി. റംഗൂൺ കേന്ദ്രമാക്കി കൊണ്ട് ഐഎൻഎ ബ്രിട്ടീഷുകാർക്കെതിരെ മുന്നേറ്റം തുടർന്നപ്പോൾ ബ്രിട്ടീഷ് സൈന്യം അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി . പിന്നീട് വന്ന വെള്ളപ്പൊക്കവും മഴയും ഐഎൻഎയുടെ മുന്നേറ്റത്തെ ഇല്ലാതാക്കി. വേണ്ടത്ര ആയുധങ്ങളോ ഭക്ഷ്യശേഖരമോ രാത്രികാല യുദ്ധത്തിൽ പരിചയമോ ഇല്ലാതിരുന്ന ഐഎൻഎ അങ്ങനെ പിന്മാറാൻ തുടങ്ങി. ദുരിതപൂർണ്ണമായ ഒരു പിൻവാങ്ങൽ ആയിരുന്നു അത്. ഇരുപതിനായിരത്തിലേറെ സൈനികരാണ് ഇവിടെവച്ച് മരിച്ചത് .മഴ മൂലം പലപാതകളും അടഞ്ഞു. ഭക്ഷണവും മരുന്നും ഇല്ലാതെയായി. മലമ്പനിയും മറ്റും മാരകരോഗങ്ങളും പിടിപെട്ടു പലരും മരണപ്പെട്ടു . രോഗം കൊണ്ടും പട്ടിണി കൊണ്ടും മരണം കാത്തുകിടന്ന പട്ടാളക്കാർക്ക് അപ്പോഴും നേതാജി ആയിരുന്നു ആവേശം .

രവീന്ദ്രനാഥ ടാഗോറിന്റെ ജനഗണമന ഐഎൻഎയുടെ ഗാനമായി നേതാജി നിശ്ചയിച്ചു – ജയ്ഹിന്ദ് പൊതു അഭിവാദന രീതി ആക്കുവാനും അദ്ദേഹം തീരുമാനിച്ചു. മഹാത്മാഗാന്ധിജിയെ ആദ്യമായി രാഷ്ട്രപിതാവ് എന്ന് അഭിസംബോധന ചെയ്യുന്നതും നേതാജി സുഭാഷ് ചന്ദ്ര ബോസ് ആണ് . സ്വന്തം ജീവിതത്തെ രാഷ്ട്രത്തിനായി സമർപ്പിക്കുവാൻ ഇന്നത്തെ യുവതലമുറയ്ക്ക് പ്രേരണ നൽകുന്നതാണ് നേതാജി സുഭാഷ് ചന്ദ്ര ബോസ് ജീവിതം. ദൗർഭാഗ്യവശാൽ ഇന്നത്തെ തലമുറ ആ ധീര ദേശാഭിമാനിയുടെ ജീവിതം വേണ്ടത്ര പഠിച്ചിട്ടില്ല . വരുന്ന തലമുറയെങ്കിലും നേതാജിയെ പറ്റി പഠിപ്പിക്കുവാനുള്ള പരിശ്രമം നാം ഏറ്റെടുക്കേണ്ടതുണ്ട്





# ആവേശമായി സാമൂഹ്യ വന്ദേമാതര ആലാപനം

**കാശി:** പ്രതാപ്ഗഢിലെ അമൃത് മഹോത്സവ് സംഘാടക സമിതി സംഘടിപ്പിച്ച സാമൂഹ്യ വന്ദേമാതര ആലാപനം ആവേശമായി. കൊടും തണുപ്പിലും ഭാരതമാതാ ജപം മുഴക്കി സർക്കാർ ഇന്റർ കോളേജ് ഗ്രൗണ്ടിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ ദേശഭക്തർ തടിച്ചുകൂടി. വന്ദേമാതരം കാമ്പസിനെ പ്രകമ്പനം കൊള്ളിച്ചു. ശംഖ് മുഴക്കിയാണ് പരിപാടികൾ ആരംഭിച്ചത്.

ആത്മാഭിമാനമുള്ള, പരമ വൈഭവ ശാലിയായ ഒരു രാഷ്ട്രത്തിന്റെ ദർശനം സാക്ഷാത്കരിക്കുക എന്നതാണ് അമൃത് മഹോത്സവത്തിന്റെ ലക്ഷ്യമെന്ന് പരിപാടിയിൽ സംസാരിച്ച ആർഎസ്എസ് സഹസർകാര്യവാഹ് രാംദത്ത് ചക്രധർ പറഞ്ഞു. ഓർക്കുകയും വരും തലമുറയ്ക്ക് പരിചയപ്പെടുത്തുകയും ചെയ്യേണ്ട, അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ നിരവധി സ്വാതന്ത്ര്യസമര സേനാനികൾ ഉണ്ട്. വന്ദേമാതരം അവർക്കായുള്ള അർച്ചനയാണെന്ന് അദ്ദേഹം പറഞ്ഞു.

# മൻ കി ബാത്



**മൻ കി ബാതിന്റെ ഒരു ഞായറാഴ്ചയിലാണ് തൂത്തുക്കുടിയിലെ മില്ലേർപുരത്തിലെ ബാർബർഷോപ്പിലേക്ക് പ്രധാനമന്ത്രിയുടെ വിളി വന്നത്. ''പൊൻ മാരിയപ്പൻജി... വണക്കം... നല്ലാ ഇരിക്കീങ്കളാ..'' എന്ന കുശലത്തോടെ പ്രധാനമന്ത്രി ലോകത്തെയാകെ തൂത്തുക്കുടിയിലെ ആ നിരത്തുവക്കിൽ പ്രവർത്തിക്കുന്ന മുടിവെട്ടുകടയിലേക്ക് വിളിച്ചുവരുത്തി. മൻ കി ബാത്തുകളിലൂടെ ലോകശ്രദ്ധ നേടുന്ന സാധാരണക്കാർക്കിടയിലെ അസാധാരണന്മാരിൽ ഒരുവനാവുകയായിരുന്നു പൊൻ മാരിയപ്പനും. വണക്കം മാന്യവര പ്രഥമരയ്യാ... എന്ന പ്രത്യഭിവാദ്യത്തിൽ പൊൻ മാരിയപ്പൻ പൊന്നിനേക്കാളും വിലയുള്ളവനായി മാറി.....**

## 'വണക്കം പൊൻമാരിയപ്പൻജി'

**പ**ട്ടിണിയും പരിവട്ടവും വലച്ച കുട്ടിക്കാലത്തിന്റെ പരാധീനതകളെ മറികടക്കാൻ വരച്ചും കുറിച്ചും വായിച്ചും സ്വന്തമാക്കിയ അക്ഷരകൗതുകങ്ങളിൽ സ്വയം ലയിച്ചതാണ് മാരിയപ്പനെ നാടിന് പൊൻ മാരിയപ്പനാക്കിയത്. പഠിക്കാൻ ഏറെ കൊതിച്ചിട്ടും പട്ടിണി വരച്ച വരയ്ക്കപ്പുറം വിധി അവനെ പഠിപ്പിച്ചില്ല. എട്ടാം ക്ലാസിൽ പഠനം നിർത്തി കത്രികയും ചീർപ്പുമായി പൊൻ മാരിയപ്പൻ നിരത്തിലിറങ്ങി. തന്റെ പ്രായത്തിലുള്ളവർ പഠിച്ച്, മിടുക്കരായി മുന്നിലൂടെ കടന്നുപോകുന്നത് കണ്ടപ്പോൾ അവന് കൊതിയടക്കാനായില്ല.

മുടി നീണ്ടുവളർത്തി മുന്നിലെത്തിയവർക്ക് ബോറടിക്കാതിരിക്കാൻ ഒപ്പം കരുതിയ ഓഡിയോ പ്ലെയറിലൂടെ കേട്ട പ്രസംഗങ്ങൾ മാരിയപ്പനെ പുതിയ വഴിയിലേക്ക് തിരിച്ചുവിട്ടു. എപിജെ അബ്ദുൾ കലാമും സുഖി ശിവവും തമിഴരുവി മണിയനുമൊക്കെ അവന് ഗുരുനാഥന്മാരായി. പള്ളിക്കൂടം തരാത്ത അറിവ് പുസ്തകങ്ങൾ നൽകുമെന്ന് മാരിയപ്പൻ കണ്ടെത്തി. പണിയെടുത്തുകിട്ടുന്ന പണത്തിൽ നിന്ന് അവൻ പുസ്തകങ്ങൾ വാങ്ങാൻ തുക വകയിരുത്തി. വായന അവന് മുന്നിൽ വിശാലമായ ലോകം തുറന്നിട്ടു.

തൂത്തൂക്കുടിയിലെ തെരുവോരത്ത് സ്വന്തമായി തുടങ്ങിയ സലൂണിൽ ഊഴം കാത്തിരിക്കുന്നവരുടെ കൊച്ചുവർത്തമാനങ്ങളിൽ മാരിയപ്പൻ



**പൊൻ മാരിയപ്പൻ തന്റെ ബാർബർഷോപ്പിൽ**

സഹതപിച്ചു. ലോകം മുന്നേറുമ്പോഴും തന്റെ ഗ്രാമവാസികൾ, ഒപ്പം നടന്നവർ കാര്യമില്ലാത്ത കാര്യങ്ങളെച്ചൊല്ലി തർക്കിച്ചും കലഹിച്ചും നേരം പോക്കുന്നത് മാരിയപ്പന് വേദനയായി. തന്റെ സലൂണിന്റെ ഒരു കോണിൽ താൻ വായിച്ച പുസ്തകങ്ങൾ അവൻ അവർക്കായി മാറ്റിവെച്ചു. ലോകമറിഞ്ഞവരുടെ അനുഭവങ്ങൾ വായിക്കാൻ മാരിയപ്പൻ അവരോട് പറഞ്ഞു. പിന്നേ.... പുസ്തകം വായിക്കാഞ്ഞിട്ടാണ് ഇനി എന്ന് പുച്ഛിച്ചവരോട് മാരിയപ്പൻ പുതിയ ഓഫർ വെച്ചു. സലൂണിലിരിക്കുന്ന സമയമത്രയും പുസ്തകം വായിച്ചാൽ മുടി

വെട്ടുന്നതിന് മുപ്പത് ശതമാനം ഡിസ്കൗണ്ട്.... എന്നിട്ടും വായിക്കാത്തവർക്കായി അവൻ ഭാരതി യാരുടെ, അബ്ദുൾകലാമിന്റെ പ്രസംഗങ്ങൾ കേൾപ്പിച്ചു...

അങ്ങനയങ്ങനെ മില്ലേർപുരത്തുകാർ പുസ്ത കങ്ങളെ സ്നേഹിച്ചുതുടങ്ങി. പൊൻ മാരിയ പ്പന്റെ സലൂൺ ഒരു വലിയ ലൈബ്രറി കൂടിയായി മാറി. എണ്ണൂറിലേറെ പുസ്തകങ്ങൾ..... മുടിവെ ട്ടുന്നവരും വെട്ടാത്തവരും വിദ്യാർത്ഥികളും അല്ലാ ത്തവരുമൊക്കെ മാരിയപ്പന്റെ ലൈബ്രറി കം സലൂ ണിലെ നിത്യസന്ദർശകരായി....

പൊൻമാരിയപ്പനോട് മാനനീയ പ്രഥമർകൾ ചോദിച്ചു, മാരിയപ്പൻ ഉങ്കൾക്ക് എന്ത പുസ്തകം പിടിക്കും? സംശയമുണ്ടായിരുന്നില്ല മാരിയപ്പ ന്.... തിരുക്കുറൾ താൻ എനിക്ക് പ്രിയം പ്രഥ മർകളേ....

ഒരു സംസ്കാരത്തിന്റെ അടയാളവാക്യമാണ് പൊൻമാരിയപ്പൻ. തൂത്തുക്കുടിയിലെ തെരുവിൽ ജീവിക്കുമ്പോഴും അറിവുതേടിയുള്ള പ്രയാണ ത്തിൽ ഏർപ്പെടുന്ന യഥാർത്ഥ ഭാരതീയൻ. അറി വേറെ പകരുന്ന കുറളുകളിൽ മനസ്സ് അർപ്പിച്ച വൻ. എത്ര അന്തസ്സോടെയാണ് തിരുക്കുറൾ താൻ എനിക്ക് പ്രിയം എന്ന് എട്ടാം ക്ലാസ് പഠിപ്പ് മാത്രമുള്ള ആ ഗ്രാമീണൻ രാജ്യത്തിന്റെ പ്രധാ നമന്ത്രിയോട് വിളിച്ചുപറഞ്ഞത്. ഒറ്റ മറുപടി കൊണ്ട് മുഴുവൻ തമിഴകത്തിന്റെയും ഗരിമയെ യാണ് പൊൻ മാരിയപ്പൻ ലോകസമക്ഷം അവ തരിപ്പിച്ചത്.

# അവസാന ഭീകരനെയും കൊന്ന് സൈന്യം

**അനന്തനാഗ്:** പുതുവത്സര തലേന്ന് കൊല്ലപ്പെട്ട ത് പുൽവാമ ആക്രമണത്തിലെ അവശേഷിച്ച ഭീകരനെന്ന് സൈന്യം സ്ഥിരീകരിച്ചു. അനന്ത നാഗിലാണ് ഏറ്റുമുട്ടൽ നടന്നത്. 2019 പുൽവാ മസ്ഫോടനം നടത്തിയവരിൽ ഉൾപ്പെട്ട സമീർ ദാറെന്ന ഭീകരനേതാവിനെയാണ് വധിച്ചത്. കൊ ല്ലപ്പെട്ടയാൾ ദാറാണെന്ന കാര്യം സ്ഥിരീകരിച്ച തായി കശ്മീർ പോലീസ് മേധാവിവി ജയ്കു മാർ പറഞ്ഞു.

ജയ്ഷെ മുഹമ്മദ് ഭീകരർക്കെതിരെയാണ് ക ഴിഞ്ഞദിവസം സൈന്യം ഏറ്റുമുട്ടൽ നടത്തിയ ത്. കൊല്ലപ്പെട്ടവരിൽ ഒരാളുടെ ചിത്രം പരിശോ ധിച്ചപ്പോഴാണ് സമീർ ദാറാണെന്ന് സ്ഥിരീകരി ച്ചത്. പുൽവാമയിലെ ലാത്പോറ മേഖലയിലാ ണ് 40 സി.ആർ.പി.എഫ് ജവാന്മാരുടെ വാഹന വ്യൂഹത്തെ കാർബോംബ് സ്ഫോടനത്തിലൂടെ തകർത്തത്. ചാവേറായിരുന്ന ആദിൽ അഹമ്മ ദ്ദാറാണ് കൃത്യം നടത്തിയത്. സമീർ ദാറിന്റെ മൃ തശരീരമാണെന്ന് ഉറപ്പിക്കാനായി ഡിഎൻഎ പ രിശോധനകൂടി നടത്തുമെന്നും വിജയ്കുമാർ പ റഞ്ഞു.

കൊല്ലപ്പെട്ടവരിൽ രണ്ടുപേർ ജമ്മുകശ്മീർ നി വാസികളാണെന്ന് സ്ഥിരീകരിച്ചിരുന്നു. മൂന്നാമൻ പാക്ഭീകരനാണ്. സമീർദാർ കശ്മീരിൽ നിന്നും യുവാക്കളെ ഭീകരരാക്കുന്ന പ്രധാനിയാണ്. ഇ യാളാണ് യുവാക്കൾക്ക്ബോംബ് ഉണ്ടാക്കാൻ പ രിശീലനം നൽകുന്നതെന്നും നാട്ടിൽ വിവിധ ആ ക്രമണങ്ങൾ നടത്താൻ പ്രേരിപ്പിക്കുന്നതെന്നും ചിനാർ കോർ മേധാവി ഡി. പി. പാണ്ഡേയും വ്യക്തമാക്കി.

# ആനന്ദവല്ലീശ്വരം ക്ഷേത്രത്തിൽ ഓടിക്കയറിയ പശുവിന് അഭയം



**കൊല്ലം:** ആനന്ദവല്ലീശ്വരം ക്ഷേത്രത്തിനുള്ളിൽ ഓടിക്കയറിയ പ ശുവിന് അഭയം. ഭക്തജനകൂട്ടായ്മയാണ് ക്ഷേത്രത്തിൽ പശുവിന് അഭയമൊരുക്കിയത്. മഹാദേവന്റെ തിരുനടയിൽ വേദനയോടെ ക രഞ്ഞുനിന്ന പശു ദൃക്സാക്ഷികളായ ഭക്തജനങ്ങളെയും വിഷമ ത്തിലാക്കി. പശുവിനെ സംരക്ഷിച്ച് നിർത്താനായിരുന്നു പിന്നെ ഭ ക്തരുടെ തീരുമാനം.

ആഹാരവും പരിചരണവും നൽകി ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ തന്നെ പശുവിനെ നിർത്തി. നന്ദിനി എന്നാണ് ഇതിന് പേരിട്ടത്. ഇ ന്നലെ അഭിഷേകത്തിനുള്ള പാൽ ചുരത്തി നൽകിയത് ഈ പശു വാണ്. ദേവസ്വം ബോർഡ് അധികൃതരുടെ അനുവാദത്തോടെ മ തിൽക്കെട്ടിന് പുറത്തുതന്നെ ഗോശാല ഒരുക്കാനുള്ള തയ്യാറെടുപ്പി ലാണ് ഭക്തർ.

പ്രൊഫ. രാജേന്ദ്രസിങ് (രജുഭയ്യ) 1922 ജനുവരി 29

# സംഘസമർപ്പിത ജീവിതം

1966 ൽ അധ്യാപകജോലി രാജിവച്ച് ഉത്തർപ്രദേശിന്റെയും ബീഹാറിന്റെയും സംഘപ്രവർത്തനത്തിന് ആക്കംകൂട്ടാൻ മുന്നോട്ടുവന്നു. നിശ്ചയിച്ച പരിപാടിയിൽ നിശ്ചിത സമയത്തിനു മുൻപേ എത്തുന്നതിൽ അദ്ദേഹം നിഷ്കർഷ വച്ചു. അതിനായി നടന്നോ, തീവണ്ടിയിലോ, സൈക്കിളിലോ, ബസിലോ, മോട്ടോർബൈക്കിലോ അദ്ദേഹം എത്തിയിരുന്നു. തീവണ്ടിയിൽ സ്ഥിരമായി മൂന്നാം ക്ലാസിലാണ് സഞ്ചരിച്ചിരുന്നത്. തന്റെ യാത്രാചെലവ് ശമ്പളത്തിൽനിന്നുതന്നെ നൽകിയിരുന്നു. മിതവ്യയം നടത്തിയിരുന്ന അദ്ദേഹം ശേഷിക്കുന്ന തുക എല്ലാ വർഷവും ശ്രീഗുരുദക്ഷിണയായി സമർപ്പിച്ചിരുന്നു. പ്രചാരകനായ ശേഷവും തന്റെ ചെലവുകൾ തനിക്കു ലഭിച്ചിരുന്ന പെൻഷൻ തുകയിൽനിന്നാണ് ചെലവഴിച്ചിരുന്നത്.

രജുഭയ്യയുടെ അസാധാരണ പ്രതിഭയും സംഘടനാവൈഭവവും മൂലം 1977-ൽ അദ്ദേഹത്തെ സഹസർകാര്യവാഹായും 1978-ൽ സർകാര്യവാഹായും ചുമതല നൽകി. 9 വർഷം അദ്ദേഹം നിരന്തര യാത്രഭാരതമൊട്ടുക്കും നടത്തി സംഘപ്രവർത്തനത്തെ ശക്തിപ്പെടുത്തി. യുവകാര്യകർത്താക്കൾക്ക് കൂടുതൽ അവസരം നൽകുന്ന സംഘരീതിയനുസരിച്ച് അദ്ദേഹം സർകാര്യവാഹ് ചുമതല മാന്യ ശേഷാദ്രിജിയെ ഏൽപ്പിച്ച് അദ്ദേഹത്തിന് കീഴിൽ സഹസർകാര്യവാഹായി പ്രവർത്തിച്ചു. മാതൃകാപരമായി. 1994 മാർച്ച് 11 ന് അതുവരെ നിലനിന്നിരുന്ന കീഴ്വഴക്കം ലംഘിച്ചുകൊണ്ട് പൂജനീയ ദേവറസ്ജി രജുഭയ്യയെ സർസംഘചാലകായി പ്രഖ്യാപിച്ചു. ആരോഗ്യം അത്ര നന്നായിരുന്നില്ലെങ്കിലും സംഘ തീരുമാനം



ശിരസാവഹിച്ചുകൊണ്ട് ഭാരതമൊട്ടുക്ക് പ്രവാസം ചെയ്തു. ആരോഗ്യസ്ഥിതി മോശമായതിനെത്തുടർന്ന് 2000 മാർച്ച് 10 ന് സുദർശജൻജിയെ സർസംഘചാലകിന്റെ ചുമതല ഏൽപിച്ച് ഒരു സാധാരണ സ്വയംസേവകനായി സംഘപ്രവർത്തനം ചെയ്തു.

സർസംഘചാലക് ചുമതലയിൽനിന്നും മാറിയശേഷം അദ്ദേഹം പൂനെയിലെ കൗശികാശ്രമം കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. 2003 ഏപ്രിലിൽ കാലിന് പരിക്കേൽക്കുകയും ഇതോടെ അദ്ദേഹത്തിന്റെ യാത്ര നിർത്തി. 2003 ജൂലായ് 14 ന് തിങ്കളാഴ്ച 12.30 ന് ഉച്ചഭക്ഷണ സമയത്ത് പെട്ടെന്ന് ഹൃദയാഘാതം ഉണ്ടാവുകയും അദ്ദേഹം ദിവംഗതനാവുകയും ചെയ്തു.

## പുതുവത്സര സമ്മാനമായി കൊറോണ വാക്സിൻ

**ന്യൂഡൽഹി:** പുതുവത്സര ദിനത്തിൽ അഫ്ഗാനിസ്ഥാന് സമ്മാനമായി കൊറോണ വാക്സിൻ നൽകി ഇന്ത്യ. അഞ്ച് ലക്ഷം ഡോസ്കൊവാക്സിനാണ് അഫ്ഗാനിസ്ഥാന് നൽകിയത്. താലിബാൻ പിടിച്ചെടുത്തതിന് പിന്നാലെ ഇത് രണ്ടാം തവണയാണ് ഇന്ത്യ സഹായാടിസ്ഥാനത്തിൽ അഫ്ഗാന് വാക്സിൻ നൽകുന്നത്. ഇന്ത്യയ്ക്ക് നന്ദിയറിയിച്ചുകൊണ്ട് ഇന്ത്യയിലെ അഫ്ഗാൻ അംബാസഡർ ഫാരിദ്മൻമുണ്ട്സേ രംഗത്തെത്തി. 2022 ന്റെ ആദ്യദിവസം തന്നെ അഫ്ഗാൻ ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ ഇന്ത്യ കാണിച്ച നല്ലമനസിന് അദ്ദേഹം നന്ദിയറിയിച്ചു. ഇന്ത്യയുമായി തുടർന്നും സമാധാന ബന്ധം പുലർത്താൻ സാധിക്കുമെന്നും ഫാരിദ് വ്യക്തമാക്കി. വരും ദിവസങ്ങളിൽ അഞ്ച്ലക്ഷം വാക്സിൻ കൂടി അഫ്ഗാന് നൽകും. താലിബാൻ ആക്രമണത്തിൽ തകർന്നടിഞ്ഞ അഫ്ഗാനിസ്ഥാനിലേക്ക് ഇന്ത്യ നേരത്തെയും സാധനങ്ങൾ കയറ്റി അയച്ചിരുന്നു. ഭക്ഷ്യ ക്ഷാമം വർദ്ധിച്ച സാഹചര്യത്തിൽ 50,000 ടൺ ഗോതമ്പും മരുന്നും പാകിസ്താൻ റോഡ് വഴിയാണ് അഫ്ഗാ നിലേക്ക്കയറ്റി അയച്ചത്. ഇതിന് പാക്ഭരണകൂടവും അനുമതി നൽകിയിരുന്നു. താലിബാൻ ഭരണകൂടത്തെ രാജ്യം അംഗീകരിച്ചിട്ടില്ലെങ്കിലും രാജ്യത്തെ ജനങ്ങൾക്ക് വേണ്ടിയുള്ള സഹായങ്ങളാണ് നൽകുന്നത്.

# യഥാർത്ഥ ജീവിതം ഇന്ത്യയിൽ



**ഇസ്ലാമാബാദ്:** ഇന്ത്യൻ സൈന്യത്തിന് പിന്തുണയുമായി കൊല്ലപ്പെട്ട പാക് ഭീകരന്റെ ഭാര്യ. ഭീകരർക്കെതിരെ സ്വീകരിച്ച ശക്തമായ നിലപാടിൽ ഇന്ത്യയെ അനുകൂലിച്ചാണ് അവർ രംഗത്തെത്തിയത്. ഹൈദർപോര ഏറ്റുമുട്ടലിൽ ഇന്ത്യൻ സൈന്യം വധിച്ച പാക്ഭീകരന്റെ ഭാര്യ റസിയ ബീബിയാണ് സൈന്യത്തെ പ്രശംസിച്ച് പരസ്യമായെത്തിയത്. അതോടൊപ്പം ഭീകരത വളർത്തുന്ന പാകിസ്താനെ റസിയ രൂക്ഷമായി വിമർശിക്കുകയും ചെയ്തു. അതേസമയം മുജാഹിദ് ആയി കൊല്ലപ്പെട്ടാൽ ഒരു ഭീകരനും നിങ്ങളുടെ കുടുംബത്തെ സംരക്ഷി ക്കില്ലെന്നും റസിയ തുറന്നടിച്ചിരുന്നു. ഹൈദർപോര ഏറ്റുമുട്ടലിൽ സുരക്ഷാ സേനയ്ക്കെതിരെ പിഡിപി , നാഷണൽ കോൺഫറൻസ് തുടങ്ങിയ നേതാക്കൾ രൂക്ഷവിമർശനമാണ് ഉന്നയിക്കുന്നത്.

ഇതിനിടെയാണ് സുരക്ഷാസേനയെയും ഇന്ത്യയെയും പിന്തുണച്ച് പാക്ഭീകരന്റെ ഭാര്യതന്നെ രംഗത്ത് വന്നിരിക്കുന്നത്. റസിയ കശ്മീർ സ്വദേശിനിയാണ്. സിയ ബീബിയുടെ വാക്കുകൾ ഇങ്ങനെ: "യഥാർത്ഥ ജീവിതം പാകിസ്താനിൽ അല്ല. അത് ഇന്ത്യയിൽ ആണ്. ഇസ്ലാമിന്റെ പേരിലാണ് യുവാക്കളെ ഭീകരവാദത്തിലേക്ക് ആകർഷിക്കുന്നത്. ജമ്മുകശ്മീരിലെ യുവാക്കളെ നശിപ്പിക്കുന്നത് പാകിസ്താൻ ആണ്. പാക് ഏജന്റുമാരാണ് ഇവരെ വഴിതെറ്റിക്കുന്നത്. യുവാക്കളെ ഭീകരവാദത്തിലേക്ക് ആകർഷിച്ച് അവരുടെ ജീവിതം നരകതുല്യമാക്കുക മാത്രമല്ല, മറിച്ച് അവരുടെ കുടുംബത്തെ ദുരിതക്കയത്തിൽ ശിഷ്ടകാലം ജീവിക്കാൻ വിടുകകൂടിയാണ് ഇത്തരക്കാർ ചെയ്യുന്നതെന്നും പറഞ്ഞു. ഇത്തരം ഏജന്റുകളുടെ സ്വാധീനവലയത്തിൽ ആരും പെട്ടുപോകരുതെന്ന് നിർദ്ദേശിച്ച റസിയ ഒരു സാഹചര്യത്തിലും ആരും മുജാഹിദ് ആകരുതെന്നും അഭ്യർത്ഥിച്ചു.

## സോഷ്യൽ മീഡിയയിൽ താരമായി പശുക്കൾ

ഹിന്ദു വിശ്വാസപ്രകാരം പശുവിനെ ദൈവതുല്യമായാണ് ആരാധിക്കുന്നത്. ചിലരാകട്ടെ പശുക്കളെ കാണുന്നത് സ്വന്തം മക്കളെ പോലെയുമാണ്. രാജസ്ഥാനിലെ ഒരു കുടുംബം അതിനു ഉദാഹരണമാണ്. രാജസ്ഥാനിലെ ജോധ്പൂർ സ്വദേശി ഗോപിയുടെ വീട്ടിൽ നിന്നുള്ള കാഴ്ച്ചകളാണ് സോഷ്യൽ മീഡിയയിൽ ശ്രദ്ധ നേടുന്നത്. ഗംഗ, പൃഥു, എന്ന മക്കളുടെ പേരുകൾ നൽകിയാണ് ഗോപി പശുക്കളെയും വിളിക്കുന്നത് . അവർക്കായി വീടിനുള്ളിൽ പ്രത്യേക കിടപ്പു മുറികളും, കിടക്കകളും ഒരുക്കിയിട്ടുണ്ട്. ആപ്പിളും, ഓറഞ്ചും അടക്കമുള്ള പഴവർഗ്ഗങ്ങളാണ് ഇവയ്ക്ക് ഏറ്റവും ഇഷ്ടം. ഇതിനും വീട്ടുകാർ മുടക്കം വരുത്താറില്ല . ദമ്പതികൾ അടുത്തിടെ പശുക്കൾക്കായി ഒരു ഇൻസ്റ്റാഗ്രാം പേജ് തുറക്കുകയും ഗോപിയുടെയും ഗംഗയുടെയും പൃഥുവിന്റെയും ഫോട്ടോകൾ പോസ്റ്റ് ചെയ്യുകയും ചെയ്തു. ചിത്രങ്ങൾ ഇപ്പോൾ വൈറലായിരിക്കുകയാണ്.





# ചാഫേക്കർ സഹോദരന്മാർ



1897-ൽ രൂക്ഷമായ ക്ഷാമം ബാധിച്ച് ആഹാരത്തിനുള്ള അന്നംപോലും ലഭ്യമല്ലാത്ത കൊടും ദാരിദ്ര്യം ദേശം അനുഭവിച്ചു കൊണ്ടിരുന്ന കാലത്ത് മഹാരാഷ്ട്രയിൽ വിശേഷിച്ച് പൂണേയിൽ പ്ലേഗ് രോഗം ബാധിച്ച് ആയിരങ്ങൾ ചത്തൊടുങ്ങിക്കൊണ്ടിരിക്കു കയായിരുന്നു. ഇംഗ്ലീഷ് അധികാരികൾ രോഗപ്രതിരോധത്തിനുള്ള പദ്ധതികൾ തയ്യാറാക്കി, പൂണേയ്ക്കുവേണ്ടി വാൾടർ ചാൾസ് റൈൺഡ് എന്ന ഉദ്യോഗസ്ഥനെ നിയമിച്ചു. എന്നാൽ ഈ ഉദ്യോഗസ്ഥൻ ജനങ്ങളെ സഹായിക്കുന്നതിനു പകരം സൈനി കരെക്കൊണ്ട് എല്ലാവിധത്തിലും അത്യാചാരം ചെയ്യിച്ചു. ഇതി നെതിരെ ലോകമാന്യതിലകൻ തന്റെ കേസരി പത്രത്തിൽകൂടി അതിരൂക്ഷമായി വിമർശനം നടത്തി.

അത്യാചാരിയായ ഇംഗ്ലീഷ് അധികാരിക്ക് അവരുടെ ഭാഷയിൽതന്നെ മറുപടി നൽകണം എന്ന് പൂണേയിലെ കുറച്ചു ചെറുപ്പക്കാർ നിശ്ചയിച്ചു. ഇതിൽ ചിലരായിരുന്നു ചാഫേക്കർ സഹോദരന്മാർ. പൂണേയിലെ ശ്രേഷ്ഠ ഹരികഥാ പ്രവചനക്കാരനായ ശ്രീഹരി പംതിന് മൂന്നു പുത്രന്മാരുണ്ടായിരുന്നു. അതിൽ മൂത്തവനായിരുന്ന ദാമോദർ 1869 ജൂൺ 25ന് ജനിച്ചു. 1873-ൽ ബാലകൃഷ്ണനും 1879-ൽ വാസുദേവനും ജനിച്ചു.

1897 ജൂൺ 22-ന് വിക്ടോറിയാ റാണിയുടെ അമൃത മഹോത്സവ ദിനത്തിൽ ലഫ്റ്റനന്റ് എംഹർട്ട്, പ്ലേഗ് കമ്മീഷണർ വാൾട്ടർ ചാൾസ് റൈൺഡ് എന്നിവർ വെടിവച്ചുകൊല്ലപ്പെട്ടു. കേസന്വേഷിക്കാൻ ബ്രൂയിൻ എന്നു പേരായ ഉദ്യോഗസ്ഥൻ നിയോഗിക്കപ്പെട്ടു. നീണ്ട അന്വേഷണങ്ങൾക്കു ശേഷം ഗണേശ് ദ്രവിഡ്, രാമചന്ദ്ര ദ്രവിഡ് എന്നിവരിൽക്കൂടി ബ്രൂയിൻസിന് കുറ്റവാളികളെ കണ്ടെത്താൻ സാധിച്ചു. 1897 സെപ്റ്റംബർ 30-ന് ദാമോദർ ചാഫേക്കർ പിടിക്കപ്പെട്ടു.

ദാമോദര ചാപേക്കർ ന്യായാലയത്തിൽ കുറ്റം ഏറ്റു. വാൾട്ടർ ചാൾസ് റൈണ്ഡിനെ മനഃപൂർവം കൊന്നതാണ് ഇതിന് മുൻപ് ബോംബെയിൽ മഹാറാണി വിക്ടോറിയയുടെ പ്രതിമയുടെ മുഖത്ത് കരിഓയിൽ തേച്ചതും ഞാനാണ്. ഭാരതീയരിൽ പ്രതികാരബോധം വളർത്താനാണ് ഞാനങ്ങിനെ ചെയ്തതെന്നും അദ്ദേഹം കോടതിയിൽ ഏറ്റുപറഞ്ഞു. മി. ക്രോ എന്നുപേരുള്ള ഇംഗ്ലീഷ് ജഡ്ജിന്റെ ന്യായാലയത്തിൽ. കുറ്റവിചാരണയ്ക്കു ശേഷം 1898 ഏപ്രിൽ 18ന് തൂക്കിലേറ്റപ്പെട്ടു.

ബാലകൃഷ്ണനും വാസുദേവനും ഒളിവിൽ കഴിഞ്ഞു. ഒരു വർഷം കഴിഞ്ഞപ്പോഴേക്കും ബാലകൃഷ്ണൻ പിടിക്കപ്പെട്ടു. കുറ്റവിചാരണ നടന്നു. ബാലകൃഷ്ണനേയും തൂക്കിക്കൊല്ലാൻ വിധിച്ചു. വാസുദേവനിൽ കൊലപാതകക്കുറ്റം ചുമത്തിയിട്ടുണ്ടായിരുന്നില്ല. ചാഫേക്കറുടെ ക്ലബ്ബിലെ അംഗമായിരുന്ന ഗണേശ് ശങ്കർ ദ്രവിഡ് 20,000 രൂപയുടെ മോഹത്തിലായിരുന്നു ചാപേക്കർ സഹോദരന്മാരെ ഒറ്റുകൊടുത്തത്.

വാസുദേവനും മഹാദേവറാനഡേയും ചേർന്ന് ഒറ്റുകാരായിരുന്ന ഗണേശദ്രവിഡിനേയും രാമചന്ദ്രദ്രവിഡിനേയും കൊല്ലാൻ നിശ്ചയിച്ചു. ഒപ്പം രാംപാണ്ഡു എന്ന ഒരു പോലീസുകാരനേയും വധിക്കാൻ തീരുമാനിച്ചു. പദ്ധതികൾ തയ്യാറാക്കി അതനുസരിച്ച് വാസുദേവനും മഹാദേവറാനഡേയും ചേർന്ന് ദ്രവിഡ സഹോദരന്മാരെ വെടിവച്ചുകൊല്ലുകയും അതിനുശേഷം വാസുദേവ് നേരെ പോലീസ് സ്റ്റേഷനിൽ പോകുകയും ഇൻസ്പെക്ടർ ബ്രൂയിൻ സിന്റെ മുന്നിൽ വച്ചുതന്നെ രാംപാണ്ഡു എന്ന പോലീസുകാരനേയും വെടിവെച്ചു. തുടർന്ന് വാസുദേവന്റെയും മഹാദേവറാനഡേയുടേയും കുറ്റവിചാരണ നടന്നു. രണ്ടുപേരേയും തൂക്കിക്കൊല്ലാൻ വിധിച്ചു.

1899 മെയ് 8 ന് വാസുദേവനേയും 10-ാം തീയതി മഹാദേവ റാനഡേയേയും തൂക്കിലേറ്റി. ബാലകൃഷ്ണചാഫേക്കറെ 1899 മെയ് 12 നും തൂക്കിക്കൊന്നു. ഒരച്ഛന്റെ മൂന്നു മക്കളും ഭാരതമാതാവിന്റെ ചരണങ്ങളിൽ തങ്ങളുടെ ജീവിതപുഷ്പം അർപ്പിച്ചു. നാലുഭാഗത്തും അടിമത്തത്തിന്റെ അന്ധകാരമായിരുന്നപ്പോൾ ഈ നാലു പേരും ആത്മജ്യോതി ജ്വലിപ്പിച്ച് നാലുഭാഗത്തും പ്രകാശം പരത്തി. ചാഫേക്കർ സഹോദരന്മാരുടെ മൂന്നുപേരുടേയും പത്നിമാർ വിധവകളായി. പതിനെട്ടുകാരനായ മഹാദേവറാനഡെ അവിവാഹിത നായിരുന്നു. ഈ വീരന്മാരുടെ ധീരപത്നിമാരെ ദർശിക്കുവാൻ കൽക്കത്തയിൽ നിന്നും ഭഗിനി നിവേദിത പൂണേയിൽ എത്തി അവരുടെ കാലടികളിൽ നിന്നും പൊടി തുടച്ചെടുത്ത് തന്റെ തലയിൽ ധരിക്കുകയുണ്ടായി.

# സ്ത്രീകൾക്കെതിരെ വീണ്ടും നിയന്ത്രണങ്ങൾ

**കാബൂൾ:** അഫ്ഗാനിസ്താനിൽ സ്ത്രീകൾക്കെതിരെ വീണ്ടും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി താലിബാൻ . ഇപ്രാവശ്യം സ്ത്രീകളുടെ യാത്രകളിലാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. യാത്രചെയ്യുന്ന സ്ത്രീകളുടെകൂടെ ബന്ധുക്കളായ പുരുഷന്മാർ നിർബന്ധമായും ഉണ്ടായിരിക്കണം എന്നാണ് താലിബാൻ മന്ത്രാലയത്തിൽ നിന്നുള്ള അറിയിപ്പ്. സ്ത്രീകളുടെ ദീർഘദൂര യാത്രകൾക്കാണ് ഇത്തരത്തിൽ ബന്ധുക്കളായ പുരുഷന്മാർ കൂടെ ഉണ്ടായിരിക്കേണ്ടത്.

72 കി ലോമീറ്ററിലേറെ ദൂരം സഞ്ചരിക്കുന്ന സ്ത്രീകൾക്കൊപ്പമാണ് ബന്ധുക്കളായ പുരുഷന്മാർ ഉണ്ടായിരിക്കേണ്ടത്. പുരുഷന്മാർ കൂടെ ഇല്ലെങ്കിൽ ഇവരെ യാത്രചെയ്യാൻ അനുമതിക്കരുത്. യാത്രകളിൽ സ്ത്രീകൾ നിർബന്ധമായും ഹിജാബ് ധരിച്ചി രിക്കണം. ഹിജാബ് ധരിച്ചിട്ടുണ്ട് എന്ന് വാഹന ഉടമകൾ ഉറപ്പ് വരുത്തുകയും വേണമെന്ന് താലിബാൻ മന്ത്രാലയ വക്താവ് സാദിഖ് ആകി ഫ്മുജാഹിറിനെ ഉദ്ധരിച്ച് എഎഫ്പി റിപ്പോർട്ട് ചെയ്തു. അഫ്ഗാനിസ്ഥാനിൽ അധികാരത്തിലെത്തിയതോടെ സ്ത്രീകൾക്കെതിരെ നിരവധി നിയന്ത്രണങ്ങളാണ് താലിബാൻ കൊണ്ടുവന്നത്. നേരത്തെ വനിതാ മാധ്യമപ്രവർത്തകർ വാർത്തകൾ അവതരിപ്പിക്കുമ്പോൾ ഹിജാബ് ധരിക്കണമെന്നും താലിബാൻ മന്ത്രാലയം ഉത്തരവിട്ടിരുന്നു. അതിനുശേഷം ടെലിവിഷൻ ചാനലുകളിൽ കൂടി നാടകങ്ങളും വനിതാ അഭിനേതാക്കളുടെ ദൃശ്യങ്ങളും പ്രദർശിപ്പിക്കരുതെന്നുമുള്ള നിർദേശവും കൊണ്ടുവന്നിരുന്നു.




**കീഴടങ്ങിയ നക്സലുകൾ പോലീസിനൊപ്പം**

# കമ്മ്യൂണിസമല്ല ദേശീയതയാണ് സത്യം

**റായ്പൂർ:** ഛത്തീസ്ഗഡിൽ 44 കമ്യൂണിസ്റ്റ് ഭീകരർ പോലീ സിന്മുമ്പിൽ കീഴടങ്ങി. സുക്മയിൽ നടന്ന ചടങ്ങിൽ ഒമ്പത് സ്ത്രീകൾ ഉൾപ്പടെയുള്ളവരാണ് ആയുധങ്ങൾ അടിയറവെച്ച് കീഴടങ്ങിയത്. സുക്മയിലെ ചിന്തൽനാർ പ്രദേശത്ത് കീഴടങ്ങിയ ഭീകരർക്കായി പ്രത്യേക ചടങ്ങും പോലീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പൊള്ളയായ പ്രത്യയശാസ്ത്രത്തിലും ആശയത്തിലും ഇനിയും തുടരാനാകില്ലെന്ന് പ്രഖ്യാപിച്ചാണ് 44 പേരും കീഴടങ്ങിയത്. സുക്മ ജില്ലയിലെ ചിന്തൽനാർ, കിസ്താരം, ഭേജി മേഖലയിൽ സജീവമായിരുന്നു കീഴടങ്ങിയ കമ്യൂണിസ്റ്റ് ഭീകരർ. ഇവരിൽ തലയ്ക്ക് രണ്ട്ലക്ഷം രൂപ വിലയിട്ട ഭീകരൻ മദ്കം ദൂലയുമുണ്ടായിരുന്നു. നാലാം നമ്പർ പ്ലാറ്റൂണിലെ അംഗമായിരുന്നു ദൂല. മറ്റുള്ളവർ കമ്യൂണിസ്റ്റ് ഭീകരരുടെ സാംസ്കാരിക വിഭാഗമായ ചേതന നാട്യമണ്ഡലിയിൽ ഉൾപ്പെടുന്നവരാണ്. പോലീസ് ക്യാമ്പിൽ നടന്ന ചടങ്ങിൽ പങ്കെടുക്കാൻ നിരവധി പ്രദേശവാസികളും ഒത്തുകൂടിയിരുന്നു. സംസ്ഥാന തലസ്ഥാനമായ റായ്പൂരിന് 400 കിലോമീറ്റർ അകലെയാണ് സംഭവം.

# ക്ഷേത്രങ്ങൾക്ക് മുകളിൽ നിരവധി പള്ളികൾ: വസീം റിസ്വി



**ന്യൂഡൽഹി:** ഇന്ത്യയിലെ മസ്ജിദുകളും, മദ്രസകളും കേന്ദ്രീകരിച്ച്ഐഎസ്ഭീകര പരിശീലനം നടക്കുന്നുണ്ടെന്ന് ഉത്തർപ്രദേശ് ഷിയ വഖഫ് ബോർഡ്മുൻ ചെയർമാൻ വസീം റിസ്വി . ഹിന്ദുമതം സ്വീകരിച്ചതിനു ശേഷം ദേശീയ മാദ്ധ്യമത്തിനു നൽകിയ അഭിമുഖത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന.

ജീവിതത്തിന്റെ 46 വർഷം ഇസ്ലാമായി ജീവിച്ച ശേഷമാണ്താൻ ഹിന്ദുമതത്തിലേയ്ക്ക് വന്നത്. രാമക്ഷേത്ര പ്രശ്നമാണ് തന്നെ ഈ തീരുമാനമെടുക്കാൻ ആദ്യം പ്രേരിപ്പിച്ചതെന്നും റിസ്വി പറഞ്ഞു. രാമക്ഷേത്ര കേസിൽ തന്നെയും കക്ഷി ചേർത്തുവെന്നറിഞ്ഞപ്പോൾ അയോദ്ധ്യയിലെ വാദം കേൾക്കാൻ മുസ്ലീം സംഘടനകളുടെ യോഗത്തിൽ പങ്കെടുത്തു.

'കേസിൽ നിങ്ങൾ വിജയിച്ചാൽ, തർക്കപ്രദേശത്ത് നിന്ന് വിഗ്രഹം മാറ്റുമോയെന്ന് ഞാൻ അവരോട് ചോദിച്ചു. അവർ നിഷേധാത്മക മറുപടി നൽകി. അപ്പോൾ നിങ്ങൾ എന്തിനാണ് വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നതെന്ന്ഞാൻ അവരോട് ചോദിച്ചു. അതിന്, ഇന്ന് നമ്മൾ ഒരു പള്ളി ഉപേക്ഷിച്ചാൽ ഭാവിയിൽ ഇനിയും പലതും നൽകേണ്ടിവരുമെന്ന് അവർ പറഞ്ഞു, ഹിന്ദു ക്ഷേത്രങ്ങൾക്ക്മുകളിൽ നിരവധി പള്ളികൾ നിർമ്മിച്ചിട്ടുണ്ടെന്ന് മുസ്ലീം സംഘടനകൾക്ക് അറിയാമെന്നും റിസ്വി പറഞ്ഞു. ക്ഷേത്രങ്ങളിൽ പണിത മുസ്ലീം പള്ളികൾ ഹിന്ദുക്കൾക്ക് വിട്ടു നൽകാൻ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് യോഗത്തിൽ താൻ നിർദ്ദേശിച്ചതായും അദ്ദേഹം പറഞ്ഞു. ഈ നിർദ്ദേശത്തിൽ പ്രകോപിതരായ മുസ്ലീം സംഘടനകൾ തന്നെ ബിജെപിയുടെയും ആർഎസ്എസിന്റെയും കൂട്ടാളിയാണെന്ന് വിശേഷിപ്പിച്ചത്. സുന്നി വഖഫ്ബോർഡിൽ നിന്ന് വേർപിരിഞ്ഞ് രാമക്ഷേത്രം നിർമിക്കണമെന്ന്ആവശ്യപ്പെട്ട്സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ച സാഹചര്യത്തിലാണ്തന്നെ ഇസ്ലാമിൽ നിന്ന് പുറത്താക്കാൻ ശ്രമം ആരംഭിച്ചത്. ഖുറാൻ തീവ്രവാദത്തെപ്രോത്സാഹിപ്പിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി. ജിഹാദികൾ നടത്തുന്ന എല്ലാ കൂട്ടക്കൊലകൾക്കും അക്രമങ്ങൾക്കും ഖുറാൻ ഉത്തരവാദിയാണ്. ഇസ്ലാമിലോ പ്രവാചകനിലോ വിശ്വസിക്കാത്ത കാഫിറുകളെ മുസ്ലിംങ്ങൾ കൊല്ലണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നുവെന്ന് ഖുർആൻ പ്രത്യേകം പരാമർശിക്കുന്നു. കാഫിറുകൾക്കെതിരെ ജിഹാദ് ചെയ്യാൻ അത് അവരോട് വ്യക്തമായി കൽപ്പിക്കുന്നു, വസീം റിസ്വി പറയുന്നു. തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന ഖുറാനിലെ 26 സൂക്തങ്ങൾ നീക്കം ചെയ്യണമെന്ന തന്റെ ഹർജി തള്ളിക്കളഞ്ഞ സുപ്രീം കോടതി വിധിയെ താൻ മാനിക്കുന്നുവെന്നും എന്നാൽ തനിക്ക് അതൃപ്തിയുണ്ടെന്നും റിസ്വി പറയുന്നു.

'ഞാൻ വിധി അംഗീകരിക്കുകയും 50,000 രൂപ പിഴ അടക്കുകയും ചെയ്തു, പക്ഷേഫലത്തിൽ ഞാൻ അതൃപ്തനായിരുന്നു. ഖുറാനിലെ 26 സൂക്തങ്ങളെക്കുറിച്ചുള്ള എന്റെ സംവാദം ഞാൻ തുടർന്നു. ഒരു തീരുമാനത്തിനും അതിനെക്കുറിച്ചുള്ള എന്റെ വികാരങ്ങളെ മാറ്റാൻ കഴിയില്ല. അവർ പരസ്യമായി ജിഹാദ്ചെയ്യുന്നു, എന്തുകൊണ്ട്? ഇത് നമ്മുടെ സുരക്ഷയെയും മനുഷ്യത്വത്തെയും ബാധിക്കുന്നു, എനിക്ക് എങ്ങനെ നിശബ്ദത പാലിക്കാനാകും? ഞാൻ ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുകയാണെന്ന് നിങ്ങൾ പറയുന്നു. ഇല്ല ഞാനല്ല, ഞാൻ അവർക്ക് കണ്ണാടി കാണിക്കുക മാത്രമാണ് ചെയ്യുന്നത്, റിസ്വി വ്യക്തമാക്കി ഇത് വ്യക്തി വൈരാഗ്യമല്ല, മനുഷ്യത്വത്തെക്കുറിച്ചാണ്. കഴിഞ്ഞ 1400 വർഷമായി ആരും ഇസ്ലാമിക അതിക്രമങ്ങൾക്കെതിരെ ശബ്ദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് ഇപ്പോൾ അതിനെ വിമർശിച്ചുകൂടാ,' ഇന്ത്യയിലെ എല്ലാ പള്ളികളിലും മദ്രസകളിലും ഐഎസ്സ്പരിശീലനം നൽകുന്നതിനാൽ മുസ്ലീങ്ങളുടെ ശക്തി ദുർബലപ്പെടുത്തുക എന്നതാണ് എന്റെ രാഷ്ട്രീയ അജണ്ട. ഞാൻ ഹിന്ദുമതത്തിലേക്ക്മടങ്ങി വന്നിട്ട് ഒരു മാസമേ ആയിട്ടുള്ളൂ, ഈചെറിയ കാലയളവിനുള്ളിൽ സനാതന ധർമ്മം മനുഷ്യത്വത്തിന്റെ മതമാണെന്ന് എനിക്ക് മനസ്സിലായി, സനാതന ധർമ്മം മനസ്സിലാക്കാൻ നിങ്ങൾ രണ്ട് വാക്കുകൾ പഠിച്ചാൽ മതി – സ്നേഹവും മനുഷ്യത്വവും, റിസ്വി കൂട്ടിച്ചേർത്തു.




**അമൃതവർഷ മഹോത്സവത്തിന്റെ സംസ്ഥാനതല സംഘാടക സമിതി രൂപീകരണ സമ്മേളനം പ്രജ്ഞാ പ്രവാഹ് ദേശീയ സംയോജകൻ ജെ. നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

# സ്വാതന്ത്ര്യ സമരത്തിന്റെ യഥാർത്ഥ ചരിത്രം പുറത്തു വരണം: ജെ. നന്ദകുമാർ

**തിരുവനന്തപുരം:** ഭാരതസ്വാതന്ത്ര്യത്തിന് വേണ്ടി നൂറ്റാണ്ടുകളായി നടന്ന പ്രക്ഷോഭത്തിന്റെ യഥാർത്ഥ ചരിത്രം പുറത്തു വരണമെന്നതാണ് സ്വാതന്ത്ര്യത്തിന്റെ എഴുപത്തി അഞ്ചാം വർഷത്തിലുണ്ടാവേണ്ടതെന്ന് പ്രജ്ഞാ പ്രവാഹ് ദേശീയ സംയോജകൻ ജെ. നന്ദകുമാർ. അമൃതവർഷ മഹോത്സവത്തിന്റെ സംസ്ഥാനതല സംഘാടക സമിതി രൂപീകരണ സമ്മേളനം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദേശീയ സ്വാതന്ത്ര്യ സമരം തുടങ്ങിയത് 1885 ൽ ആണ് എന്ന തെറ്റായ പരിപ്രേക്ഷ്യമാണ് നമ്മളെ ചരിത്രത്തിലൂടെ പഠിപ്പിക്കാൻ ശ്രമിച്ചത്. സമരത്തിൽ പ്രായഭേദമില്ലാതെ ജീവത്യാഗം ചെയ്തവരെ മനഃപൂർവം തമസ്ക്കരിച്ചിട്ടുണ്ട്. എന്നാൽ പലരെയും ഉയർത്തിക്കാട്ടുകയും ചെയ്തു. അതിനാൽ മനഃപൂർവം തമസ്ക്കരിച്ച ആ ധീരയോദ്ധാക്കളെ അമൃതോത്സവം പരിപാടിയിലൂടെ ഓരോ ഭാരതീയനും പരിചിതമാക്കി കൊടുക്കണം. അദ്ദേഹം പറഞ്ഞു.

ഒരു രാഷ്ട്രീയ പാർട്ടി രൂപീകൃതമായതിനു ശേഷമാണ് ദേശീയ സ്വാതന്ത്ര്യ സമരം തുടങ്ങിയത് എന്ന ചരിത്രമാണ് ഇന്ന് പഠിപ്പിക്കുന്നത്. അതിനും എത്രയോ വർഷങ്ങൾക്ക് മുൻപേയാണ് സംന്യാസി വിപ്ലവം നടന്നത്. പഴശ്ശിരാജയുടേയും വേലുത്തമ്പി ദളവയുടേയും വേലു നാച്ചിയാരുടേയും റാണി ചന്നമ്മയുടേയുമെക്കെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ ചരിത്രരചനയിൽ അവഗണിക്കപ്പെട്ടു. വനവാസികളും വനിതകളും കർഷകരും കുട്ടികളും ഭാരത സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്ക് വലുതാണ്.

ഡച്ചുകാരെ പരാജയപ്പെടുത്തിയ മാർത്താണ്ഡവർമ്മയുടെ യുദ്ധചരിത്രം കേരളത്തിൽ പോലും പഠിപ്പിക്കുന്നില്ല. കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെട്ടില്ലെങ്കിൽ ഭാരതത്തിന്റെ ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഭക്തിപ്രസ്ഥാനത്തിനുള്ള സ്ഥാനം നിസ്തുലമാണ്. കേരളത്തിൽ അതിന് മുൻപന്തിയിൽ നിന്നത് പൂന്താനമാണ്. നരസി മേത്താ, ശങ്കർദേവ്, ഗുരുനാനാക്ക് എന്നിവരും തങ്ങളുടെ സ്ഥലങ്ങളിൽ ഈ മുന്നേറ്റത്തിന്റെ ഭാഗമായി. വലിയ തോതിൽ മുസ്ലിം ദേശീയവാദികളും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തു. അങ്ങിനെയാണ് ബംഗാൾ വിഭജന ശ്രമം പരാജയപ്പെടുത്തിയത്. എന്നാൽ 1911 ൽ പരാജയപ്പെട്ട വിഭജന ശ്രമം 1947ൽ എങ്ങനെ വിജയിച്ചു എന്നും നാം പരിശോധിക്കേണ്ടതുണ്ട്.

കാലാകാലങ്ങളായി ചരിത്രത്തോട് നമ്മൾ ചെയ്ത അനീതി പരിഹരിക്കപ്പെടുകയാണ്. സ്വാതന്ത്ര്യ സമരത്തിന്റെ സ്മാരകമായി രണ്ട് മ്യൂസിയങ്ങൾ ചെങ്കോട്ടയിൽ സ്ഥാപിക്കുമ്പോൾ ഒരു മ്യൂസിയത്തിലെ ആദ്യത്തെ ചിത്രങ്ങളിൽ ഒന്ന് കുളച്ചൽ യുദ്ധ വിജയത്തെക്കുറിച്ചുള്ളതാണ്. ചിത്രം പ്രദർശിപ്പിക്കുന്നതിലൂടെ അഭിമാനം കൊണ്ട് തല ഉയർത്താം ഓരോ മലയാളിക്കും. കുളച്ചൽ യുദ്ധത്തെയും വേലുത്തമ്പി ദളവയെയും നമ്മുടെ നാട്ടിൽ പലരും മറന്നു പോയെങ്കിലും ദൽഹിയിൽ അവരെ ഓർമ്മിക്കുന്നതായും അദ്ദേഹം പറഞ്ഞു.

സ്വാതന്ത്ര്യത്തിനായി നമ്മൾ കൊടുത്ത വില വളരെ വലുതാണെന് ഭാരതീയ വിചാര കേന്ദ്രം ഡയറക്ടർ ആർ. സഞ്ജയൻ അഭിപ്രായപ്പെട്ടു. ഭാരതത്തിന്റെ യഥാർത്ഥ സ്വാതന്ത്ര്യ സമരസേനാനികളെ ആസൂത്രിതമായി അവഗണിച്ചു. പഴശ്ശിരാജയെ കുറിച്ച് ശരിയായ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.



# സിഖ് സമൂഹത്തെ വേട്ടയാടി പാകിസ്താൻ

**ഇസ്ലാമാബാദ്:** പാക്ഭരണകൂട ഭീകരതയ്ക്ക് മുന്നിൽ മുട്ടു മടക്കാത്ത സിഖ് സമൂഹം നരകയാതനകൾ അനുഭവിക്കുന്നതായി റിപ്പോർട്ട്. ഘട്ടം ഘട്ടമായി ഇമ്രാൻ ഭരണകൂടം നടത്തുന്ന വംശീയ ഉന്മൂലനത്തിന്റെ പ്രധാന ഇരയായി സിഖ്സമൂഹം മാറിയിരിക്കുകയാണ്. കർതാർപൂർ തീർത്ഥാടനത്തിന് സൗകര്യമൊരുക്കുന്നുവെന്ന പേരിൽ ഇസ്ലാമാബാദ് അന്താരാഷ്ട്ര സമൂഹത്തിന്റെ കരുണ പിടിച്ചുപറ്റാനാണ് ശ്രമിക്കുന്നതെന്നും ഒരു വാഗ്ദാനവും നടപ്പാക്കുന്നില്ലെന്നുമാണ് കണ്ടെത്തൽ. സിഖ് സമൂഹത്തിന്റേയും പുരാതന ഇന്ത്യയുടേയും ഒരു സ്മരണയും അവശേഷിപ്പിക്കില്ലെന്ന രഹസ്യ അജണ്ടയാണ് പാകിസ്താൻ നടപ്പാക്കുന്നത്.

കർതാർപൂർ തീർത്ഥാടക ഇടനാഴിയിലെ ഗുലാബ്ദേവി ലാഹോർ ഭൂഗർഭ പാതയുടെ പേര് അബ്ദുൾ സത്താർ ഇദാഹി എന്നാക്കിയതാണ് ഒടുവിലത്തെ സംഭവം. സിഖ്സമൂഹം സർക്കാർ സ്ഥാപനങ്ങളിൽ അവരുടെ കൃപാൺ ധരിച്ച് എത്താൻ പാടില്ലെന്നും ഉത്തരവിറക്കിയിരിക്കുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ കരുത്തുറ്റ നേതാവായിരുന്ന ലാലാ ലജ്പത് റായിയുടെ അമ്മയാണ് ഗുലാബ്ദേവി . അമ്മയുടെ ഓർമ്മയ്ക്കായി 1927ൽ ഒരു ക്ഷയരോഗ ആശുപത്രിയും ലാലാ ലജ്പത് റായ് പണിതിരുന്നു. സിഖ് സമൂഹം കൃപാൺ ധരിക്കരുതെന്ന് പെഷാവാർ കോടതിയാണ് വിധിച്ചത്. സിഖ് മതസ്ഥാപകൻ ഗുരു നാനാകിന്റെ സമാധിസ്ഥലമായ കർതാർപൂരിന്റെ പേരിൽ പ്രദേശത്തെ രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും ചേർന്ന് വൻ അഴിമതിയും നടക്കുകയാണ്. കർതാർപൂരിലെ സംവിധാനം ഒരുക്കാൻ നിയോഗിക്കപ്പെട്ട ഫ്രണ്ടിയർ വർക്സ് ഓർഗനൈസേഷനെന്ന സന്നദ്ധ സംഘടനയുടെ പേരിലാണ് വൻ തട്ടിപ്പ് നടത്തുന്നത്. ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ നബീല ഇർഫാനാണ് ആരോപണം ഉന്നയിച്ചത്. 165 കോടിയുടെ തട്ടിപ്പാണ് ഓഡിറ്റ് റിപ്പോർട്ടിലൂടെ പുറത്തുവന്നത്. കർതാർപൂർ അറ്റകുറ്റപണിക്കായി 7 ലക്ഷം ചാക്സിമന്റ് ഇറക്കിയെന്ന് കാണിച്ച റിപ്പോർട്ടിൽ യഥാർത്ഥത്തിൽ 4.30 ലക്ഷം മാത്രമേ ഉപയോഗിച്ചിട്ടുള്ളു. കർതാർപൂരിലെ കെട്ടിടത്തിന്റെ അടിത്തറ 18 അടിക്കുപകരം 11 അടിയാക്കി ചുരുക്കിയെന്നും അതിന്റെ പേരിൽ ഇഷ്ടിക ഇറക്കിയ കണക്കിലും തട്ടിപ്പു നടന്നതായും കണ്ടെത്തി.




# ഗാൽവാൻ താഴ്‌വരയിൽ ചൈനീസ് പതാക: കമ്മ്യൂണിസ്റ്റ് തിരക്കഥ

**ബെയ്ജിംഗ്**: ഗാൽവാൻ താഴ്‌വരയിൽ പതാക ഉയർത്തിയതായി ചൈന പ്രചരിപ്പിച്ച ദൃശ്യങ്ങളുടെ വാസ്തവം ഒടുവിൽ പുറത്തായി. പ്രചരിപ്പിച്ച വീഡിയോ ഷൂട്ട്ചെയ്യാൻ ഷിജിൻ പിംഗ് സർക്കാർ ചൈനീസ് അഭിനേതാക്കളെ ഉപയോഗിച്ചു വെന്ന് ചൈനീസ് മാധ്യമ മായ വെയ്ബോയിലെ ചില ഉപയോക്താക്കൾ വെളിപ്പെടുത്തി. കള്ളം വെളിച്ചത്തായപ്പോൾ, കമ്യൂണിസ്റ്റ് സർക്കാർ വെയ്ബോ ഉപയോക്താക്കളുടെ എല്ലാ അക്കൗണ്ടുകളും സസ്പെൻഡ് ചെയ്തു. മാധ്യമ പ്രവർത്തകരായ ഷെൻഷിവേയും ചൈനീസ് മുഖപത്രമായ ഗ്ലോബൽ ടൈംസും ചേർന്നാണ് ഗാൽവാൻ താഴ്‌വരയിൽ ചൈനയുടെ പതാക ഉയർത്തുന്ന പീപ്പിൾസ് ലിബറേഷൻ ആർമി (പിഎൽഎ) ഉദ്യോഗസ്ഥരുടെ ദൃശ്യങ്ങൾ പങ്കുവെച്ചത്.

പുതുവർഷം പിറന്നപ്പോൾ ചൈനീസ് നടൻ വു ജംങും ഭാര്യ സീ നാനു മൊപ്പമാണ് ചൈനീസ് മാധ്യമങ്ങൾ നാടകീയമായ പതാക ഉയർത്തൽ പരിപാടി നടത്തിയതെന്ന് വെയ്ബോ ഉപയോക്താക്കൾ ചൂണ്ടിക്കാട്ടി. ചൈനീസ് നിയന്ത്രണത്തിലുള്ള അക്സായിചിൻ മേഖലയിൽ ഗാൽവാൻ നദിക്ക്പിന്നിൽ 28 കിലോമീറ്റർ അകലെയാണ് 4 മണിക്കൂറോളം നീണ്ടുനിന്ന വീഡിയോ ചിത്രീകരിച്ചതെന്നും വെയ്ബോ ഉപയോക്താക്കൾ പറയുന്നു. ചൈനയിൽ നിർമ്മിച്ച ഏറ്റവും ചെലവേറിയ ചിത്രമായ ദി ബാറ്റിൽ അറ്റ്ലേക്ക്ചാങ്ജിൻ ഉൾപ്പെടെ നിരവധി ചൈനീസ് സിനിമകളിൽ പട്ടാളക്കാരന്റെ വേഷം അഭിനയിച്ച നടനാണ് വു ജംങ്.

ചൈനയുടെ വീഡിയോയിൽ വു ജംങിന്റെ ഭാര്യ സീനാനുമുണ്ട്. 2007-ൽ ജിയാൻ സിംങ് ടിയാൻ സിയ എന്ന നാടക പരമ്പരയിലൂടെ അഭിനയത്തിലേയ്ക്ക് എത്തിയ സീനാൻ ഒരു ടിവി അവതാരക കൂടിയാണ്. സത്യം വെളിപ്പെടുത്തിയതോടെ വെയ്ബോ ഉപയോക്താക്കളുടെ അക്കൗണ്ടുകൾ ചൈനീസ് സർക്കാർ സസ്പെൻഡ്ചെയ്തു. ചൈനീസ്പതാക അതിർത്തിയിൽ ഉയർത്തിയതിന് പിന്നാലെ, ഇന്ത്യൻ സൈന്യവും ഗാൽവാൻ താഴ്‌വരയിൽ ദേശീയ പതാക ഉയർത്തിയിരുന്നു. വാസ്തവസ്തത്തിൽ, ചൈന വീഡിയോ ഷൂട്ട്ചെയ്ത സ്ഥലം അതിർത്തിയ്ക്ക്പുറത്താണ്. 2020 ജൂണിലെ ഏറ്റുമുട്ടലിന് ശേഷം ഇന്ത്യയുടെയും ചൈനയുടെയും സൈനികർ തമ്മിൽ ഇതുമായി ബന്ധപ്പെട്ട്കരാറിൽ എത്തിയിരുന്നു.

# ഫോട്ടോ എടുത്താൽ ഒരുകോടി പിഴ

**ദുബായ്:** പൊതുസ്ഥലത്ത് അനുമതിയില്ലാതെ ഫോട്ടോ എടുത്താൽ യുഎഇയിൽ ഇനി പിടി വീഴും. ആറ്മാസം തടവോ, 150000 മുതൽ 500000 ദിർഹം വരെ പിഴയോ (ഏകദേശം ഒരു കോടി രൂപയോളം വരും ഇന്ത്യൻ കറൻസി) അല്ലെങ്കിൽ രണ്ടും കൂടിയോ ആണ് ശിഷ. സൈബർ നിയമങ്ങൾ പുതുക്കിയതിന്റെ ഭാഗമായാണ്നിയമം വന്നിരിക്കുന്നത്. ഇത് അനുസരിച്ച് അപകടങ്ങളുടെ ഫോട്ടോ എടുത്താലും പിടിവീഴും. ഭീഷണിപ്പെടുത്തൽ, ഉപദ്രവിക്കൽ, വ്യാജവാർത്തകൾ പ്രചരിപ്പിക്കൽ എന്നിവയും പുതിയ നിയമത്തിൽപ്പെടും. മറ്റുള്ളവരുടെ സ്വകാര്യതക്ക് പ്രധാന്യം നൽകുന്നതിനാണ് നിയമം കൊണ്ടുവരുന്നത്. ഇതോടൊപ്പം ഹാക്കിങ്, സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകൾ തകർക്കുക തുടങ്ങിയവ കടുത്തകുറ്റങ്ങളാണ്. ഇവർക്ക് വൻതുക പിഴയായി ഒടുക്കേണ്ടി വരും. ബാങ്കുകൾ, മാധ്യമസ്ഥാപങ്ങൾ, സയൻസ് മേഖലയിലുള്ള സ്ഥാനപനങ്ങൾക്ക്നേരെയുള്ള സൈബർ ആക്രമണങ്ങളും ശിക്ഷാർഹമാണ്.2022 ജനുവരി 2 മുതൽ നിയമം പ്രാബല്യത്തിൽവന്നു.

# മാധ്യമ മേധാവിയെ അറസ്റ്റ്ചെയ്ത് താലിബാൻ

**കാബൂൾ:** അഫ്ഗാനിസ്ഥാനിൽ മാധ്യമ മേധാവിയെ അറസ്റ്റ്ചെയ്ത് താലിബാൻ. അഫ്ഗാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന സാറ്റലൈറ്റ് ടെലിവിഷൻ നെറ്റ് വർക്കായ നൂറിൻ ടിവിയുടെ ഉടമയായ ഹാജി ആരിഫ് നൂറിയെയാണ് താലിബാൻ അറസ്റ്റ് ചെയ്തത്. കാബൂളിലെ ഇയാളുടെ വീട്ടിൽ നിന്നായിരുന്നു അറസ്റ്റ്. ടോളോ ന്യൂസാണ് ഇത് സംബന്ധിച്ചുള്ള വാർത്ത പുറത്ത് വിട്ടത്. അഫ്ഗാനിസ്ഥാൻ ഇൻഡിപെൻഡന്റ് ജേർണലി സ്റ്റ് അസോസിയേഷൻ തലവനായ ഹുജത്തുള്ള മുജദേദിയും ഈ വാർത്ത സ്ഥിരീകരിച്ചിട്ടുണ്ട്.

ഹാജി ആരിഫിനെ എന്തിനാണ് അറസ്റ്റ്ചെയ്തത് എന്നുള്ളത് വ്യക്തമായിട്ടില്ലെന്നും മുജദേദി പറഞ്ഞു. അഫ്ഗാനിൽ താലിബാൻ അധികാരമേറ്റെടുത്തതിന് പിന്നാലെ മാധ്യമ സ്ഥാപനങ്ങൾക്കും മാധ്യമങ്ങൾക്കും നേരെ വ്യാപകമായ രീതിയിൽ ആക്രമണം ഉണ്ടായിരുന്നു. കാബൂളിൽ നിന്നുള്ള റിപ്പോർട്ടറായ ജാവി ദ്യൂസിഫിയെ കഴിഞ്ഞമാസം താലിബാന്റെ നേതൃത്വത്തിലെത്തിയ സംഘം അടിച്ച് കൊന്നിരുന്നു.

കഴിഞ്ഞ ഒരു മാസം മാത്രം പത്രപ്രവർത്തകർക്കെതിരായ അക്രമങ്ങളിൽ അഞ്ച് കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഓഗസ്റ്റ് 15ന് താലിബാൻ അധികാരമേറ്റെടുത്തതിന്പിന്നാലെ രാജ്യത്തെ സാമ്പത്തിക അടിത്തറ തകരുകയും, സാധാരണക്കാർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ വർദ്ധിക്കുകയും ചെയ്തിരുന്നു. ഇത്തരം വാർത്തകൾ റിപ്പോർട്ട്ചെയ്യുന്നവർക്കെതിരെ താലിബാൻ കടുത്തനടപടികളാണ് സ്വീകരിക്കുന്നത്.

# ഇറാക്കിൽ ഹിജാബ് ഉപേക്ഷിച്ച് പെൺകുട്ടി

**ഹി**ജാബ് സുരക്ഷിതമാണെന്ന് വാദിക്കുന്നവർ കേട്ടോളൂ, ഇറാഖിലെ പെൺകുട്ടികൾക്ക് ഇനി ആ സുരക്ഷിതത്വം ആവശ്യമില്ല. ഇറാഖിലെ വിശുദ്ധ നഗരമെന്നറിയപ്പെടുന്ന നജാഫിൽ വനിതാ ബോക്സിംഗ്ഹാൾ പോലും പ്രവർത്തിക്കുന്നുണ്ട് . യാഥാസ്ഥികരായ ഒട്ടേറെ പേരുടെ എതിർപ്പുകളെ മറികടന്നാണ് ഹിജാബ് ഉപേക്ഷിച്ച് ഈ ഇടിക്കൂട്ടിലേയ്ക്ക് പെൺകുട്ടികൾ നടന്നു കയറിയത്. ഇറാഖി ബോക്സർ ബുഷ്റ അൽ-ഹജ്ജർ റിംഗിലേക്ക് ചാടി തന്റെ എതിരാളികളോട് പോരാടുന്നു. എന്നാൽ തന്റെ ഏറ്റവും വലിയ പോരാട്ടം എതിരാളിയോടല്ല, ഈ സാമൂഹിക ധാരണകൾക്കെതിരെയാണെന്നാണ് ബുഷ്റ പറയുന്നത്. താൻ വീട്ടിൽ ഒരു പരിശീലന മുറി ഒരുക്കിയെന്നാണ് ബോക്സിംഗ് പരിശീലിക്കുന്ന രണ്ട്കുട്ടികളുടെ അമ്മ കൂടിയായ യുവതി പറയുന്നത്. ഡിസംബറിൽ ബാഗ്ദാദിൽ നടന്ന ബോക്സിംഗ് ടൂർണമെന്റിൽ 70 കി ലോഗ്രാം വിഭാഗത്തിൽ ഇവർ സ്വർണം നേടിയിരുന്നു.

# സ്വധർമ്മരക്ഷയുടെ സ്വാതന്ത്ര്യകാഹളം



**കൊ**ല്ലവർഷം 984, മകരം ഒന്നിനാണ് (1809 ജനുവരി 11) കുണ്ടറയിലെ ഇളമ്പള്ളൂർ കാവിൽ ആ യുദ്ധകാഹളം മുഴങ്ങിയത്. സ്വധർമ്മസംരക്ഷണത്തിനായുള്ള പോരാട്ടത്തിനുള്ള ആഹ്വാനമായിരുന്നു അത്. ക്ഷേത്രങ്ങളും ക്ഷേത്രസ്വത്തുക്കളും കണ്ടുകെട്ടി, തിരുവിതാംകൂറിലെ ജനങ്ങളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്ത്, അടിമത്തം അടിച്ചേൽപിച്ചു കളയാമെന്ന ബ്രിട്ടീഷ് ധാർഷ്ട്യത്തെ അധികാരത്തിനുള്ളിൽ നിന്നും പുറത്തും നിന്നും ചോദ്യം ചെയ്യുകയായിരുന്നു ധീരദേശാഭിമാനിയായ വേലുത്തമ്പിദളവ.

'ഉപ്പ് മുതൽ സർവസ്വവും കുത്തകയാക്കിത്തീർത്ത്, തരിശു കിടക്കുന്ന നിലവും പുരയിടവും ഇന്നുകൂടി കുത്തകയാക്കിയിട്ടും കെട്ടിനിലവരി, തെങ്ങുവരി ഉൾപ്പെട്ട അധികാരങ്ങളും കുടികളിൽ കൂട്ടിവെച്ച്.....' അത്യാർത്തി മൂത്ത ബ്രിട്ടീഷുകാരന്റെ സർവാധിപത്യം സംഭവിച്ചാൽ കഞ്ഞിക്ക് ഉപ്പിനും പൂജയ്ക്ക് കർപ്പൂരത്തിനും വരെ അവരെ ആശ്രയിക്കേണ്ട അവസ്ഥ സംജാതമാകുമെന്ന ഓർമ്മപ്പെടുത്തലോടെയാണ് ജനദ്രോഹികൾക്കെതിരെ അന്തിമപോരാട്ടത്തിനൊരുങ്ങാൻ രാജ്യത്ത് ആദ്യമായി ഉപ്പിന് വേണ്ടി നടന്ന സമരാഹ്വാനമാണ് കുണ്ടറ വിളംബരമെന്ന് എസ്. ഗുപ്തൻ നായർ നിരീക്ഷിച്ചിട്ടുണ്ട്.

വെള്ളക്കാരൻ നിലവും പുരയിടവും കവർന്നെടുത്ത് തെങ്ങുവരിയും നിലവരിയും ഏർപ്പെടുത്തുമെന്ന മുന്നറിയിപ്പോടെ കൃഷിക്കാരന്റെ അസ്വസ്ഥകളെയും കുണ്ടറ വിളംബരം പ്രകടമാക്കുന്നു. വേലുത്തമ്പിയുടേത് തിരുവിതാംകൂറിലെ കാർഷികവിപ്ലവത്തിനായുള്ള ആഹ്വാനമായിരുന്നുവെന്ന് ഇക്കാര്യം ചൂണ്ടിക്കാട്ടി എ.കെ. ഗോപാലനും വിലയിരുത്തുന്നു.

സ്വധർമ്മാഭിമാനത്തിന്റെയും സ്വരാജ്യസ്നേഹത്തിന്റെയും ഉജ്ജ്വലപ്രഖ്യാപനമായിരുന്നു കുണ്ടറ വിളംബരം. 'തൊള്ളായിരത്തി മുപ്പത്തിമൂന്നാമാണ്ട് നാടു നീങ്ങിയ തിരുമനസ്സു കൊണ്ട് കൽപ്പിച്ച്, നിശ്ചയിച്ച് രാജ്യത്തിന് പൂവോടും നീരോടും കൂടെ ശ്രീ പത്മനാഭസ്വാമിയുടെ തൃപ്പടിയിൽ ദാനവും ചെയ്തു. മേൽപ്പട്ടും വാഴുന്ന തമ്പുരാക്കൻമാരും അവിടത്തെ ആളായിട്ടിരുന്ന കാര്യം വിചാരിക്കുകയും അവർക്ക് രാജ്യഭോഗ്യങ്ങളെക്കാളും അധികം തപോനിഷ്ഠയായിട്ടു വ്രതനിയമങ്ങളും അനുഷ്ഠിച്ചും താൻ ദുഃഖിച്ചും കുട്ടികൾക്ക് സുഖം വരുത്തിയും അതിന് ഒരു കുറവും വരുത്താതെ ഇരിക്കേണ്ടുന്നതിന് മേൽ രക്ഷയായിട്ട് ഈശ്വരസേവ, ഭദ്രദീപം, മുറജപം, അന്നസത്രം ആദിയായിട്ടുള്ള സൽക്കർമ്മങ്ങളെ നടത്തി കാലം കഴിച്ചു കൊള്ളുകയെന്നും വച്ചു ചട്ടം കെട്ടി കുട്ടികൾക്ക് ,സുഭിക്ഷതമായിട്ടു കഴിഞ്ഞു വരുന്നതിനാൽ ഇപ്പോൾ ഈ കലിയുഗത്തിങ്കൽ ഹിമവൽസേതുപര്യന്തം ഇതുപോലെ ധർമ്മ സംസ്ഥാനം ഇല്ലെന്നുള്ള കീർത്തി പൂർണ്ണമായി ഇരിക്കപ്പെട്ടതു സർവ പേരും പ്രസിദ്ധമായിട്ടു അറിഞ്ഞിരിക്കുമല്ലോ' എന്ന അഭിമാനകരമായ രാജ്യചരിത്രത്തെ ഓർമ്മിപ്പിച്ചുകൊണ്ടാണ് വേലുത്തമ്പി ദളവ ബ്രിട്ടീഷ് കടന്നുകയറ്റത്തെയും ടിപ്പു സുൽത്താന്റെ ഭീഷണിയെപ്പറ്റിയും ജനങ്ങളെ ബോധവൽക്കരിക്കുന്നത്.

"ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടി വർണഭേദമില്ലാതെ ബ്രാഹ്മണസ്ത്രീ മുതലായ സംസർഗവും ചെയ്തു യുഗഭേദം പോലെ അധർമങ്ങളായിട്ടുള്ള വട്ടങ്ങൾ ആക്കിത്തീർക്കുകയും ചെയ്യു" മെന്ന ഘോരാപരാധമുണ്ടാകാതിരിക്കാനുള്ള പ്രതിക്രിയ ഉണ്ടാകണമെന്നതാണ് വിളംബരത്തിന്റെ കാതൽ.

സർവസാധാരണക്കാരന്റെ ജീവിതത്തെ സമഗ്രമായി പ്രതിപാദിക്കുന്ന കുണ്ടറ വിളംബരം പിറക്കുന്നത് വേലുത്തമ്പിയുടെ പോരാട്ടത്തിന്റെ അന്തിമഘട്ടത്തിലാണ്. എല്ലാം നഷ്ടപ്പെടുമെന്ന ഘട്ടത്തിലും ജനശക്തിയിൽ വിശ്വാസമർപ്പിക്കുകയായിരുന്നു അദ്ദേഹം. ബ്രിട്ടീഷ് സൈന്യം ചുറ്റും വളയുമ്പോഴും ആത്മവിശ്വാസം വേലുത്തമ്പി കൈവിട്ടില്ല. താനില്ലാതായാലും ജനം പൊരുതിക്കൊണ്ടേയിരിക്കുമെന്ന പ്രതീക്ഷയും വിശ്വാസവും നെഞ്ചേറ്റിയാണ് ആ വീരൻ പിടിക്കപ്പെടുമെന്ന് ഉറപ്പായപ്പോൾ മണ്ണടിക്കാവിൽ സ്വയം മരണം വരിച്ചത്.



വൃത്താന്തം അയോദ്ധ്യാപ്രിന്റേഴ്സിൽ
അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്. (വ്യക്തിഗത ഉപയോഗത്തിനു മാത്രം)
മാധവനിവാസ്, എളമക്കര പി. ഒ., പേരണ്ടൂർ റോഡ് - കൊച്ചി-26 മൊബൈൽ - 9656195171

E-mail-vrithanthamkeralam@gmail.com